കേരള സർക്കാർ


# നവകേരളം കർമപദ്ധതി

# പ്രതിമാസ റിപ്പോർട്ട്

## ഫെബ്രുവരി 2024

## ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ
## സുസ്ഥിര വികസന ലക്ഷ്യം
## സൂചിക 17 "PARTNERSHIPS"

**ഹരിതകേരളം മിഷൻ ഏകോപനം**
**തദ്ദേശ സ്വയംഭരണ സ്ഥാപന നേതൃത്വത്തിൽ**



# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 8 |
| ലൈഫ് മിഷൻ | 34 |
| വിദ്യാകിരണം | 36 |
| ആർദ്രം മിഷൻ | 41 |
| മോണിറ്ററിങ് & ഇവാല്യവേഷൻ | 47 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ (2019 മുതൽ ഫെബ്രുവരി 2024 വരെ)

| പ്രവർത്തനങ്ങൾ | ജനുവരി വരെ | ഫെബ്രുവരി | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 25254 | 1,062 | 26,316 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 28049 | 1090 | 29139 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ (എണ്ണം) | 2927 | 81 | 3008 |
| നിർമ്മിച്ച കുളങ്ങൾ (എണ്ണം) | 4547 | 89 | 4636 |
| റീചാർജ് ചെയ്ത കിണറുകൾ (എണ്ണം) | 7928 | 162 | 8090 |
| നിർമ്മിച്ച കിണറുകൾ (എണ്ണം) | 15599 | 332 | 15931 |
| നിർമ്മിച്ച സ്ഥിര തടയണകൾ (എണ്ണം) | 477 | 11 | 488 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ (എണ്ണം) | 51201 | 2513 | 53714 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | | | 379 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 137 * | 38 | 175 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 212 | - | 212 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 280.92 | 125.22 | 406.14 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജ്ജുകൾ (എണ്ണം) | | | 198 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2922 | 20 | 2942 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 845.71 | 4.21 | 849.92 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | 6 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | 439 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 65 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 79 |
| ഹരിതമാക്കുന്നതിന് വേണ്ടി പരിശോധന നടത്തിയ സ്ഥാപനങ്ങൾ | | | 11854 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | | | 7179 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | | | 35352 |
| നെറ്റ് സീറോ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 92 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2024 ഫെബ്രുവരി മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 92 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷ സ്ഥമതാ സ്ഥാപനം | 85 |
| മാതൃകാ നെറ്റ് സീറോ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമത സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് repair and maintenance പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ❖ എല്ലാ ജില്ലകളിലും നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പിലാക്കാൻ എറ്റെടുത്തിരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ നടന്നു.
- ❖ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലുള്ള 84 സ്കൂളുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.
- ❖ നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ ക്യാമ്പയിൻ പരിശീലനം ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരം തൈക്കാട് കേരള സംസ്ഥാന ആരോഗ്യ സാമൂഹിക ക്ഷേമ പരിശീലന കേന്ദ്രത്തിൽ വച്ച് നടന്നു. ജില്ലാ കോ ഓർഡിനേറ്റർമാർ, ടെക്നിക്കൽ അസിസ്റ്റന്റ്മാർ, നെറ്റ്

സിറോ ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുത്തു. കാമ്പയിൻ പ്രവർത്തനങ്ങളുടെ ഇതുവരെയുള്ള അവലോകനവും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും ശിൽപശാലയിൽ നടന്നു. അനർട്ട്, WRI, എനർജി മാനേജ്മെന്റ് സെന്റർ, മോട്ടോർ വാഹന വകുപ്പ്, ഹരിതകേരളം മിഷൻ എന്നിവിടങ്ങളിൽ നിന്നും വിദഗ്ധർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

- ❖ അംഗൻജ്യോതി പദ്ധതി പ്രകാരം എനർജി മാനേജ്മെന്റ് സെന്ററിൽ നിന്നും ലഭ്യമായ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ ജില്ലാ തല വിതരണ ഉദ്ഘാടനം എല്ലാ ജില്ലകളിലും നടന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തു തല വിതരണ ഉദ്ഘാടനവും ഭൂരിഭാഗം പഞ്ചായത്തുകളിലും നടന്നിട്ടുണ്ട്.
- ❖ ജില്ലകളിൽ അങ്കണവാടികൾക്ക് നൽകിയിട്ടുള്ള ഇൻഡക്ഷൻ കുക്കർ, മറ്റ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പായി അങ്കണവാടി ടീച്ചർമാർക്കും വർക്കർമാർക്കുമുള്ള പരിശീലനം മാർച്ച് മാസത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 123 | 701 | 1172 | 2492 | 4365 | 10 | 1059 | 17 | 620 | 136 | 999 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | | | |
| 33 | 89 | 101 | 255 | 445 | 0 | 0 | 0 | 0 | 12 | 93 |

- ❖ തിരുവനന്തപുരം ജില്ലയിൽ അംഗൻവാടികൾക്ക് അംഗൻജ്യോതി പദ്ധതി പ്രകാരം ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ ജില്ലാതല വിതരണ ഉദ്ഘാടനം ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ.ജി.ആർ അനിൽ 17/02/2024ന് നിർവഹിച്ചു. പഞ്ചായത്ത് തല ഉദ്ഘാടനം 6 ഗ്രാമ പഞ്ചായത്തുകളിലും ഫെബ്രുവരി മാസം നടന്നു.
- ❖ കൊല്ലം ജില്ലയിൽ അംഗൻജ്യോതി പദ്ധതി പ്രകാരം എനർജി മാനേജ്മെന്റ് സെന്ററിൽ നിന്നും ലഭ്യമായ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണ ഉദ്ഘാടനം പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ചാത്തന്നൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.ജി.എസ്സ്.ജയലാൽ 28/02/24-ന് നിർവ്വഹിച്ചു. പഞ്ചായത്ത് തല ഉദ്ഘാടനം 5 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ചു ബാക്കി 5 ഗ്രാമപഞ്ചായത്തുകളിൽ മാർച്ച് മാസം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ അംഗൻവാടികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ ജില്ലാ തല ഉദ്ഘാടനം 20/02/2024-ന് നിർവഹിച്ചു. നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത 5 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് തല ഉദ്ഘാടനം പൂർത്തീകരിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ "അംഗൻജ്യോതി" പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ എം.പി. അഡ്വ. എ.എം.ആരിഫ് 17/2/2024ന് നിർവ്വഹിച്ചു. നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത 4 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് തല ഉദ്ഘാടനം മാർച്ച് മാസം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. നെറ്റ് സീറോ പ്രവർത്തനവുമായി ബന്ധപ്പെട്ട് നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ ഫെബ്രുവരി 19-ന മിയാവാക്കി ഉദ്ഘാടനം നടന്നു, കൂടാതെ ചോളം കൃഷിയും 25 സെന്റിൽ ആരംഭിച്ചു.
- ❖ കോട്ടയം ജില്ലയിൽ അംഗൻജോതി പദ്ധതി പ്രകാരം പാചക ഉപകരണങ്ങളുടെ ജില്ലാ തല ഉദ്ഘാടനം നിർവഹിച്ചു. വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ LED ലൈറ്റ്കളുടെ നിർമ്മാണം, റിപ്പയറിങ് എന്നീ സംരംഭ പ്രവർത്തനങ്ങൾക്ക് വേണ്ടി തിരഞ്ഞെടുത്തിട്ടുള്ള ഹരിത കർമ്മ സേന അംഗങ്ങൾക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ആലക്കോട് ഗ്രാമപഞ്ചായത്ത് നെറ്റ് സീറോ കാർബൺ കേരളം കാമ്പയിനിൽ നിന്നും പിന്മാറുകയും പകരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അംഗൻജ്യോതി പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം 16-02-2023 ഇരട്ടയാർ

ഗ്രാമപഞ്ചത്തിൽ നടന്നു, അന്നേ ദിവസം തന്നെ പഞ്ചായത്തു തല ഉദ്ഘാടനവും പൂർത്തീകരിച്ചു.

- ❖ എർണാകുളം ജില്ലയിൽ അംഗൻ ജ്യോതി ജില്ലാ തല ഉദ്ഘാടനം നിയമ, വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ പി. രാജീവ് ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ വെച്ചു നിർവഹിച്ചു.
- ❖ **സൗരഗ്രാമം പദ്ധതി** - എർണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ പോകുന്ന സൗരഗ്രാമം പദ്ധതിയുടെ യോഗം സംഘടിപ്പിച്ചു. ഓരോ വാർഡിൽ നിന്നും 10 പേർ വീതം 180 ആളുകളെ സൗരഗ്രാമം പദ്ധതിക്ക് വേണ്ടി കണ്ടെത്തിയിട്ടുണ്ട്. അനേർട്ട് ആയി സഹകരിച്ചു 40% സബ്സിഡിയോട് കൂടി ഇത്രയും വീട്ടുകളിൽ ആദ്യ ഘട്ടത്തിൽ സൗരോർജ വൽക്കരിക്കാനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്.
- ❖ തൃശ്ശൂർ ജിലയിൽ അംഗൻ ജ്യോതി ജില്ലാതല ഉദ്ഘാടനവും ഊർജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണവും റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി ശ്രീ.കെ.രാജൻ നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം പഠന സർവ്വേ, ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ എന്നീ പ്രവർത്തനങ്ങൾ ഒറ്റപ്പാലം എൻ എസ് എസ് കോളേജുമായി സഹകരിച്ചു ആരംഭിച്ചു. ഊർജ്ജസംരക്ഷണം സ്റ്റുഡൻസ് കാർഡ് വിതരണം ജൂൺ മാസം മുതൽ സ്കൂൾ തലത്തിൽ ആരംഭിക്കും.
- ❖ തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിൽ ANERTമായി സഹകരിച്ച് TATA എന്ന ഏജൻസി 21 കർഷകർക്ക് സോളാർ പമ്പ് വിതരണം ചെയ്തു. ANERTമായി സഹകരിച്ച് ഒന്നര ഏക്കറിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് കിലോ വാട്ട് വൈദ്യുതി ലഭ്യമാക്കുന്ന സോളാർ പാനൽ സൗജന്യമായി സ്ഥാപിച്ചു നൽകുന്നതിനു NABARD ലഭ്യമാക്കിയ സബ്സിഡി അനുവദിക്കാൻ തീരുമാനിച്ചു.
- ❖ പാലക്കാട് ജില്ലയിൽ അംഗൻ ജ്യോതി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും ഉപകരണ വിതരണവും 2024 ഫെബ്രുവരി 16 ന വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.കെ.കൃഷ്ണൻകുട്ടി നിർവഹിച്ചു. അംഗൻ ജ്യോതി പഞ്ചയത്ത് തല ഉദ്ഘാടനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തീകരിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ അംഗൻ ജ്യോതി പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം 16/2/2024-നു MLA ഏറനാട് ശ്രീ. പി കെ ബഷീർ നിർവഹിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ അംഗൻ ജ്യോതി ഉദ്ഘാടനം നടന്നു. ഇതിന്റെ തുടർച്ചയായി വടകര നഗരസഭയിൽ അംഗൻവാടി പ്രവർത്തകർക്ക് നെറ്റ് സീറോയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസു നൽകി.
- ❖ വയനാട് ജില്ലയിൽ അംഗൻജ്യോതി ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. പഞ്ചയത്ത് തല ഉദ്ഘാടനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ അംഗൻ ജ്യോതി പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം പുരാവസ്തു, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി 20/2/2024-ന് നിർവഹിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ 6 ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ 3 മാസങ്ങളിലായി 1246 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു. 25603 പേർ ഊർജ്ജ സംരക്ഷണ ക്ലാസുകളിൽ പങ്കെടുത്തു.
- ❖ കണ്ണൂർ ജില്ലയിൽ കണ്ണപുരം ഗ്രാമ പഞ്ചായത്ത്, ഹരിത കേരളം മിഷൻ എന്നിവർ സംയുക്തമായി പഠനയാത്ര സംഘടിപ്പിച്ചു. കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ 5 യു പി സ്കൂളിലെയും തിരഞ്ഞെടുത്ത 8 പേരടങ്ങുന്ന കുട്ടികളുടെ ടീം ആണ് പഠന യാത്രയിൽ പങ്കെടുത്തത് കൈപ്പാട് കൃഷി, പച്ചതുരുത്ത്, ജലസംരക്ഷണവുമായി ബന്ധപ്പെട്ട് തണ്ണീർപാറ, ഹരിതകർമ്മസേന MCF ലെ പ്രവർത്തനങ്ങൾ, മൺപാത്ര നിർമ്മാണ യൂണിറ്റ്, ചൂരൽക്കാടുകൾ, കണ്ടൽകാടുകൾ എന്നിവയാണ് സന്ദർശിച്ചത്. പഞ്ചായത് പ്രസിഡണ്ട്, വാർഡ് മെമ്പർമാർ, ബോർഡ് സ്കൂളിലെ അധ്യാപകൻ, 40 വിദ്യാർത്ഥികൾ ഹരിതകേരളം ആർ.പി എന്നിവർ അടങ്ങിയ ടീം ആണ് പഠന യാത്രയിൽ ഉണ്ടായിരുന്നത്.
- ❖ കാസർഗോഡ് ജില്ലയിൽ അംഗൻജ്യോതി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം 10/2/2024-ന് തൃക്കരിപ്പൂർ MLA ശ്രീ.എം.രാജഗോപാലൻ നിർവഹിച്ചു. പഞ്ചായത്ത്തല കോർഗ്രൂപ്പ് അംഗങ്ങൾക്കുള്ള ജില്ലാതല പരിശീലനം 9/2/2024-ന് നടന്നു. ജില്ലയിൽ നെറ്റ് സീറോ

പ്രവർത്തനങ്ങളുടെ ഭാഗമായി മടിക്കൈ, തൃക്കരിപ്പൂർ, ബേഡഡുക്ക, മുളിയാർ ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനം നടന്നു.

### 1.1) മില്ലറ്റ് കൃഷി

- തിരുവനന്തപുരം ജില്ലയിൽ 'മില്ലറ്റ്' മിഷനുമായി ചേർന്ന് നെറ്റ് സീറോ പഞ്ചായത്തുകളിൽ മില്ലറ്റ് കൃഷിക്ക് തുടക്കം കുറിച്ചു. കൂടാതെ നെറ്റ് സീറോ പദ്ധതിയിൽ ഉൾപ്പെടാത്ത 11 ഗ്രാമപഞ്ചായത്തുകളിൽ കൂടി 8.6 ഏക്കർ ആകെ വിസ്തൃതിയിൽ മില്ലറ്റ് കൃഷി നടക്കുന്നുണ്ട്.
- കൊല്ലം ജില്ലയിൽ 13 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി 18.56 ഏക്കർ വിസ്ത്രുതിയിൽ മില്ലറ്റ് ഇനങ്ങളായ റാഗി, മണിച്ചോളം, സ്വർഗ്ഗം, മണിച്ചോളം, ബജ്റ, ചാമ, ചോളം എന്നിവയുടെ കൃഷി ആരംഭിച്ചു.
- എറണാകുളം ജില്ലയിലെ 8 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി 31.503 ഏക്കർ വിസ്ത്രുതിയിൽ മില്ലറ്റ് കൃഷി ആരംഭിച്ചു. "ചെറുതല്ല ചെറുധാന്യങ്ങൾ" പദ്ധതിയുടെ ഭാഗമായി ആദ്യ മണിച്ചോള കൃഷി വിളവെടുപ്പ് നടത്തി. ആലങ്ങാട് ബ്ലോക്കിലെ കരുമാലൂർ ഗ്രാമപഞ്ചായത്തിലെ FMCT ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ തുടങ്ങിയ ചെറുധാന്യകൃഷിയുടെ വിളവെടുപ്പാണ് നടത്തിയത്.
- വയനാട് ജില്ലയിൽ മില്ലറ്റ് കൃഷി വ്യാപകമാകുക എന്ന ലക്ഷ്യത്തിനായി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ രണ്ടര ഹെക്ടറിൽ റാഗി കൃഷി തുടങ്ങിയിട്ടുണ്ട്. പൂതാടി ഗ്രാമപഞ്ചായത്തിൽ രണ്ട് ഹെക്ടർ കൃഷിയിടത്തിൽ റാഗി, ചാമ എന്നിവ കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കണിയാമ്പറ്റ, പനമരം ഗ്രാമപഞ്ചായത്തുകളിൽ മില്ലറ്റുകൃഷി ആരംഭിച്ചിട്ടുണ്ട്.

## 2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും (കോഴിക്കോട് ജില്ലയിൽ രണ്ട് ബ്ലോക്കിലും) പെട്ട 94 ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 285 ഗ്രാമപഞ്ചായത്തുകളിൽ, 81 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 82 | 446 | 525 | 507 | 1478 | 8 | 255 | 3 | 39 | 203 | 443 |

**ജല ബജറ്റ് ശില്പശാല** : 'ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' എന്ന വിഷയത്തിൽ ഒരു ശില്പശാല മേഖല അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും, കോഴിക്കോട്ടും വച്ച് ഫെബ്രുവരി മാസത്തിൽ നടത്തി. ശില്പശാലയിൽ പ്രായോഗിക തലത്തിൽ നടപ്പാക്കേണ്ട തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഓരോ സ്ഥലത്തേയും ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കി ജലസുരക്ഷാ പ്രവർത്തനങ്ങൾ നിർവഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയ ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ട സാങ്കേതിക സഹായവും വിദഗ്ധ നിർദ്ദേശങ്ങളും ഹരിതകേരളം മിഷന്റെ ഏകോപനത്തിലൂടെ ജല അതോറിറ്റി, ജലവിഭവ വകുപ്പ്, മറ്റു മിഷനുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കും. തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച നീരുറവ് സമഗ്ര നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ജലബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക് കാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുത്. നവകേരളം കർമ്മ പദ്ധതി കോഓർഡിനേറ്റർ ഡോ.T.N.സീമ, MGNREGA ഡയറക്ടർ എ.നിസാമുദ്ദീൻ IAS, CWRDM ശാസ്ത്രജ്ഞരും ഡയറക്ടറും ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ,

ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഹരിതകേരളം മിഷൻ, ജലസേചന വകുപ്പ്, MGNREGA എന്നിവയിലെ സംസ്ഥാന - ജില്ലാ ചുമതലക്കാർ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.

## 2.1 ജലബജറ്റ് പ്രവർത്തനപുരോഗതി

ഡിസംബർ മാസത്തിൽ കേരളത്തിലെ 260 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് നിർവഹിക്കുവാൻ തിരഞ്ഞെടുത്തിരുന്നു. ജനുവരി മാസത്തിൽ 25 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ജല ബജറ്റ് നിർവ്വഹിക്കുവാൻ താൽപ്പര്യപൂർവ്വം മുന്നോട്ടു വന്നതിനാൽ അത്തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾകൊള്ളിച്ചു റിപ്പോർട്ട് മാസത്തിൽ 285 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 40 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 379 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്.

- ❖ ഫെബ്രുവരി മാസത്തിൽ 38 ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ടത്തിൽ മുൻ മാസങ്ങളിൽ ഉൾപ്പെടെ ആകെ 81 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ സംസ്ഥാനത്ത് 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 267 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു.
- ❖ ജല ബജറ്റിന്റെ പ്രധാന ജോലിയായ വിവരശേഖരണം ഏറെക്കുറെ എല്ലാ ജില്ലകളിലും പൂർത്തിയായി. മാർച്ച് മാസത്തിനുള്ളിൽ തന്നെ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.
- ❖ ഏറ്റവും കൂടുതൽ ജല ബജറ്റ് പ്രവർത്തനങ്ങൾ കോഴിക്കോട്(67), കാസർഗോഡ്(36), കൊല്ലം(27), കണ്ണൂർ(22), വയനാട്(21) എന്നീ ജില്ലകളിലാണ്. കൊല്ലം ജില്ലയിൽ 18, പാലക്കാട് ജില്ലയിൽ 16, കോഴിക്കോട് ജില്ലയിൽ 17, കാസർഗോഡ് ജില്ല 15, വയനാട് ജില്ലയിൽ 10, കണ്ണൂർ ജില്ലയിൽ 4, കോട്ടയം ജില്ലയിൽ 1 എന്നിങ്ങനെ ആകെ 81 തദ്ദേശ ഭരണ സ്ഥാപങ്ങങ്ങളിൽ റിപ്പോർട്ട് അവതരിപ്പിച്ചു.
- ❖ ഫെബ്രുവരി മാസത്തിൽ സംസ്ഥാനത്തെ ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരണത്തിൽ കൊല്ലം ജില്ല മുന്നിട്ടു നിൽക്കുന്നു, കൊല്ലം ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് റിപ്പോർട്ട് ഫെബ്രുവരി മാസം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ പാലക്കാട് ജില്ലയിൽ 8 ഗ്രാമപഞ്ചായത്തുകളിലും, കോഴിക്കോട്, വയനാട് ജില്ലയിൽ 5 ഗ്രാമപഞ്ചായത്തുകൾ വീതവും, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 1 ഗ്രാമപഞ്ചായത്തിൽ വീതവും ഫെബ്രുവരി മാസത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിലെ 8 ഗ്രാമപഞ്ചായത്തുകളെ കൂടി പുതിയതായി ജലബജറ്റ് തയ്യാറാക്കുന്നതിനായി ഏറ്റെടുത്തിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ മെഴുവേലി ജലബജറ്റ് അവതരണത്തിനോടനുബന്ധിച്ച് ഒരു ശില്പശാല 23/02/2024-ൽ ഗ്രാമപഞ്ചായത്തിൽ നടന്നു.
- ❖ പാലക്കാട് ജില്ലയിൽ തൃത്താല നിയോജകമണ്ഡലത്തിലേയും അനുബന്ധ 8 ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് റിപ്പോർട്ട് പ്രകാശനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു. ജലബജറ്റ് കണ്ടെത്തലുകൾ നീരുറവ് പദ്ധതിയുമായും മറ്റു വകുപ്പുകളുടെ പദ്ധതിയുമായും സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിൽ കൂടി ജലബജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ ജല ബജറ്റിന്റെ തുടർച്ചയായി കോഴിക്കോട് ബ്ലോക്കിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ, പൂളേങ്കര ചാലി സമഗ്ര വികസന പദ്ധതി എന്നിവയ്ക്ക് തുടക്കമായി.
- ❖ കോഴിക്കോട് ജില്ലയിൽ ജലബജറ്റിന്റെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പൂളേങ്കര ചാലി പുനരുജ്ജീവന പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ 1 കോടി 6 ലക്ഷം രൂപയുടെ മണക്കടവ് വലിയ തോട് നവീകരണ പ്രവൃത്തി ഉദ്ഘാടനം കുന്നമംഗലം നിയോജക മണ്ഡലം എം.എൽ.എ അഡ്വ. PTA റഹീം നിർവഹിച്ചു.

- ❖ കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ ജലബജറ്റ് തുടർപ്രവർത്തനങ്ങളുടെ ഭാഗമായി മാപ്പിംഗ് പ്രവർത്തനം ഉദ്ഘാടനം നടന്നു. നഗരസഭയിലെ ജലബജറ്റുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്തുകൊണ്ടുതന്നെ മാതൃകാപരമായ ഇടപെടൽ നടത്തുന്നുണ്ട്. ആവിത്തോട് സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാഥമിക നീർച്ചാൽ നടത്തവും മറ്റ് സന്ദർശനങ്ങളും നടത്തിയിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിലെ കതിരൂർ പഞ്ചായത്ത് ജലബജറ്റ് പ്രസിദ്ധീകരണം 26/2/2024-നു നിർവഹിച്ചു. ഇതോടെ പാനൂർ ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളും ജലബജറ്റ് പ്രസിദ്ധീകരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ബ്ലോക്ക് തലത്തിൽ പ്രത്യേക ശില്പശാലകൾ നടത്തി ജലബജറ്റ് റിപ്പോർട്ട് പൂർത്തിയാകാത്തവർക്ക് അത് തയ്യാറാക്കുന്നതിനും പ്രകാശനം ചെയ്യുന്നതിനുമുള്ള കർമ്മ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്.

| പുരോഗതി - ഫെബ്രുവരി | | | |
|---|---|---|---|
| **രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ** | **പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** | **വിവര ശേഖരണം പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** | **റിപ്പോർട്ട് പൂർത്തിയാക്കിയ ത:സ്വ:ഭ:സ്ഥാപനങ്ങൾ** |
| **285** | **263** | **267** | **81** |

### 2.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

## 3) നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു. ഫീൽഡുതല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ച് കൊണ്ട് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു.

- ❖ കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.
- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 276 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

- ❖ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ 12512 നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്. 29138.62 കിമീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 3008 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 4636 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. 8090 കിണറുകൾ റീർച്ചാർജ്ജ് ചെയ്തുകയും, 15931 കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ സംസ്ഥാനത്തു ഏറ്റെടുത്ത 12218 നീരുറവ്, ജല ബജറ്റ് പ്രവർത്തനങ്ങളിൽ 7529 പ്രവർത്തനങ്ങൾ (62%) പൂർത്തീകരിച്ചു.
- ❖ നീരുറവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത് പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ഏറ്റെടുത്ത 5080 പ്രവർത്തനങ്ങളിൽ 5080 എണ്ണവും പൂർത്തീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 882 എണ്ണവും, വയനാട് ജില്ലയിൽ 514 പ്രവർത്തനങ്ങളിൽ 477 എണ്ണവും പൂർത്തീകരിച്ചു. പത്തനംതിട്ട ജില്ലയിലും കൂടുതൽ (1651) പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.
- ❖ മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45736 കിമീ ഉൾപ്പെടെ നിലവിൽ 74874.62 കിമീ നീർച്ചാലുകൾ സംസ്ഥാനത്തു വീണ്ടെടുത്തിട്ടുണ്ട്.
- ❖ പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ ദൂരം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
- ❖ പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
- ❖ കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കൂടുതൽ കിണറുകൾ നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ 2661 കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് ജലസമൃദ്ധ ഗ്രാമം എന്ന സുസ്ഥിരവികസന ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ പ്രഥമ പ്രവർത്തനമായി ജല സമൃദ്ധഗ്രാമ പദ്ധതി - സെമിനാർ 24/02/2024-ന് പഞ്ചായത്ത് ഹാളിൽ വച്ച് ചേർന്നു. ക്യാമ്പയിനിലൂടെ കാലാവസ്ഥ വ്യതിയാനം, റീചാർജിങ്, ജലസ്രോതസ്സുകളുടെ അവസ്ഥ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ജൈവമാലിന്യ നിർമാർജനം, സോക്പിറ്റ് നിർമ്മാണം, മികച്ച മാതൃകകൾ സൃഷ്ടിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങളാണ് പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

**നീരുറവ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ** (2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ)

| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം | ഏറ്റെടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ എണ്ണം | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം (കിമീ) | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 8 | 71 | 71 | 2291 | 4556.69 | 531 | 409 | 627 | 2851 |
| കൊല്ലം | 12 | 686 | 158 | 827 | 3489.20 | 152 | 409 | 619 | 3074 |
| പത്തനംതിട്ട | 23 | 1651 | 97 | 471 | 1203.90 | 144 | 187 | 491 | 827 |
| ആലപ്പുഴ | 25 | 84 | 25 | 784 | 1037.06 | 66 | 40 | 197 | 221 |
| കോട്ടയം | 8 | 54 | 54 | 479 | 1041.51 | 50 | 240 | 402 | 517 |
| ഇടുക്കി | 35 | 1213 | 366 | 880 | 1272.92 | 175 | 190 | 263 | 270 |
| എറണാകുളം | 34 | 335 | 38 | 1068 | 2427.00 | 170 | 284 | 802 | 501 |
| തൃശ്ശൂർ | 8 | 3 | 1 | 567 | 1283.97 | 106 | 114 | 286 | 911 |
| പാലക്കാട് | 58 | 5080 | 5080 | 2903 | 4880.29 | 616 | 759 | 433 | 1096 |
| മലപ്പുറം | 7 | 103 | 101 | 532 | 1187.16 | 200 | 385 | 100 | 1845 |
| കോഴിക്കോട് | 24 | 108 | 40 | 249 | 1761.58 | 196 | 161 | 379 | 952 |
| വയനാട് | 26 | 514 | 477 | 106 | 1473.64 | 83 | 647 | 84 | 278 |
| കണ്ണൂർ | 23 | 2106 | 882 | 720 | 2163.58 | 368 | 425 | 2661 | 1379 |
| കാസർകോട് | 5 | 250 | 179 | 635 | 1360.12 | 151 | 386 | 746 | 1209 |
| ആകെ | 296 | 12258 | 7569 | 12512 | 29138.62 | 3008 | 4636 | 8090 | 15931 |

❖ തിരുവനന്തപുരം ജില്ലയിൽ ഹരിതകേരളം മിഷനും, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ICFOSS എന്നിവയുടെ സഹകരണത്തോടെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ മാപ്പിംഗ് പൂർത്തീകരിച്ചു. സാങ്കേതികവിദ്യ ഉപയോഗിച്ച് നീർച്ചാലുകൾ അടയാളപ്പെടുത്തി. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ എല്ലാ നീർച്ചാലുകളുടേയും സംരക്ഷണം ഉറപ്പ് വരുത്താനും പുനരുദ്ധാരണം നടത്താനും ലക്ഷ്യമിടുന്നു. തുടർ പ്രവർത്തനം എന്ന നിലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലുള്ള നീർച്ചാലുകളുടെ അവതരണം നടന്നു. നീർച്ചാലുകളുടെ പുനരുജീവനം, മാപ്പിംഗ് നടത്തിയ സ്ട്രീമുകളിൽ VCBകൾ പുനസ്ഥാപിക്കൽ, കുളങ്ങളുടെ നിർമ്മാണവും സംരക്ഷണവും, കിണർ റീചാർജിങ് പ്രവർത്തനം, പഞ്ചായത്തിലെ രണ്ട് പാറക്വാറികളുടെ റീചാർജിങ്, സോളാർ പാനൽ സ്ഥാപിക്കൽ, നീരുറവ് ഡി പി ആർ പുനഃപരിശോധന എന്നീ പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുവാൻ തീരുമാനിച്ചു.
❖ ഇടുക്കി ജില്ലയിൽ 24 പഞ്ചായത്തുകളിൽ നീരുറവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു. ജലബജറ്റ് - നീരുറവ് പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും മണ്ണ് പരിശോധന നടന്നു വരുന്നു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് വിതരണം ചെയ്തു.
❖ തിരുവനന്തപുരം ജില്ലയിൽ നീരുറവു പദ്ധതിയുടെ ഭാഗമായി 190 നീർച്ചാലുകൾ (180.725കി.മീ) പുനരുജ്ജീവിപ്പിച്ചു.
❖ തിരുവനന്തപുരം ജില്ലയിൽ നീരുറവ് - നീർധാര പദ്ധതി (വാമനപുരം നദി, പുനരുദ്ധാരണ പദ്ധതി) യുടെ ഭാഗമായി പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന മാതൃക വാട്ടർ ഷെഡ് ബാലൻപച്ച നീർത്തടത്തിന്റെ പ്രാദേശിക സംഘാടക സമിതി രൂപീകരണ യോഗം 28/02/2024-ന് നടന്നു. 388 ഹെക്ടർ പ്രദേശമാണ് ഈ ബാലൻപച്ച നീർത്തടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.
❖ സംസ്ഥാനത്ത് നീരുറവ് റിപ്പോർട്ടുകൾ പരിശോധിച്ച് വിവിധ വകുപ്പുകൾ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഡി.പി.ആർ പ്രകാരം വർക്കുകൾ മുൻഗണന അടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു.
❖ എറണാകുളം ജില്ലയിൽ നെല്ലിക്കുഴി, പോത്താനിക്കാട്, കല്ലൂർക്കാട് എന്നീ പഞ്ചായത്തുകളിൽ നീരുറവ് സാങ്കേതിക സമിതി യോഗം നടന്നു.
❖ വയനാട് ജില്ലയിലെ ജലബജറ്റ്-മാപ്പത്തോൺ പൂർത്തീകരിച്ച 26 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടന്നുവരുന്നു,
❖ കാസറഗോഡ് ജില്ലയിൽ ഫെബ്രുവരി മാസത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിൽ 3 കിണറുകൾ തൊഴിലുറപ്പ് മുഖേന നിർമിച്ചു. അതോടൊപ്പം വോർക്കാടി, പൈവളിഗെ, അജാനൂർ എന്നിവിടങ്ങളിൽ ഇറിഗേഷൻ വകുപ്പ് മുഖേന 4 സ്ഥിരം തടയണകളും ഫെബ്രുവരി മാസം നിർമിച്ചിട്ടുണ്ട്.
❖ പാലക്കാട് ജില്ലയിൽ നീരുറവ് ജില്ലാ തല സാങ്കേതിക സമിതി സംഘടിപ്പിച്ചു.
❖ കണ്ണൂർ ജില്ലയിൽ 29.5 കിലോമീറ്റർ നീളത്തിലുള്ള 59 നീർച്ചലുകളുടെ പുനരുജീവനം നടന്നു. 12 കിണർ നിർമ്മാണം, 451 താൽക്കാലിക തടയണ നിർമ്മാണം എന്നീ പ്രവർത്തനങ്ങളും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി നടന്നു.

| നീരുറവ് ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 34 | 153 | 223 | 385 | 761 | 3 | 80 | 2 | 62 | 85 | 323 |

## 4) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപിംഗ് "മാപത്തോൺ" നടന്നു വരുന്നു.

RKIയുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ നടപ്പിലാക്കുന്നു. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ, 212 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപ്പിംഗ് ജോലികൾ പൂർത്തിയാക്കാനുള്ളത്. ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| മാപത്തോൺ | | | | | |
|---|---|---|---|---|---|
| ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | |
| തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്പ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം നടത്തി km |
| 230 | 212 | 178 | 100 | 86 | 406.14 |

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ഫെബ്രുവരി 2024

മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 100 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപ്പത്തോൺ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്ത്തല അവതരണം 100 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിവിധ പ്രാദേശിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അതുപോലെ അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരൾച്ച സാധ്യത മുൻകൂട്ടി കണ്ട് മാപത്തോൺ ഗ്രാമപഞ്ചായത്തുകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

- ❖ കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട്, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങളായ അവതരണവും ഫീൽഡ് തല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ ഫെബ്രുവരി മാസം 125.22 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 86 ഗ്രാമപഞ്ചായത്തുകളിലായി 406 .14 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കൊല്ലം ജില്ലയിൽ ഫെബ്രുവരി മാസം 44.5 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം നടന്നിട്ടുണ്ട്. നാളിതുവരെ കൊല്ലം ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകളിലായി 153.9 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം അഴുത ബ്ലോക്കിലെ കുമിളി ഗ്രാമപഞ്ചായത്തിൽ മാപിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. മാപിംഗ് പൂർത്തിയായ പഞ്ചായത്തുകളിൽ മാപിംഗ് ചെയ്ത നീർചാലുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.
- ❖ എറണാകുളം ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്ത് അവതരണം അയ്യമ്പുഴ, മലയാറ്റൂർ, കോട്ടപ്പടി ഗ്രാമപഞ്ചായത്തുകളിൽ നടന്നു. ഒഴുക്ക് തടസ്സപ്പെട്ടുകിടക്കുന്ന

നീർച്ചാൽ ശൃംഖല കണ്ടെത്തി പുനരുജ്ജീവനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാപത്തോൺ ശിൽപശാല സംഘടിപ്പിച്ചു.

❖ പാലക്കാട് ജില്ലയിൽ മാപത്തോൺ രണ്ടാം ഘട്ടം പ്രവത്തനങ്ങളുടെ ഭാഗമായി ഫെബ്രുവരി മാസം 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്ത്തല അവതരണം പൂർത്തീകരിച്ചു. ഇതുൾപ്പെടെ 23 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാപത്തോൺ അവതരണം നടന്നു. പൂർത്തിയായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളും അനുബന്ധ ഇടപെടലുകളും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ നടത്തിവരുന്നു. 23 ഗ്രാമപഞ്ചായത്തുകളിലായി 100.16 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കോഴിക്കോട് ജില്ലയിൽ മാപത്തോൺ അവതരണങ്ങൾ നടന്നുവരുന്നു. രണ്ടാം ഘട്ട പ്രവത്തനത്തിന്റെ ഭാഗമായി 13 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് തല അവതരണം നടന്നു.

❖ കണ്ണൂർ ജില്ലയിൽ അവതരണം നടക്കാൻ ബാക്കിയുള്ള 4 പഞ്ചായത്തുകളിൽ മാർച്ച് മാസത്തോടു കൂടി അവതരണങ്ങൾ പൂർത്തിയാക്കും.

| മാപത്തോൺ ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 50 | 415 | 280 | 266 | 961 | 4 | 120 | 0 | 0 | 98 | 151 |

## 5) പച്ചത്തുരുത്തുകൾ

❖ കേരളത്തിൽ നിലവിൽ 849.92 ഏക്കർ ആകെ വിസ്തൃതിയിൽ 2942 പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (238.79 ഏക്കർ ആകെ വിസ്തൃതിയിൽ 148 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (148.04 ഏക്കർ ആകെ വിസ്തൃതിയിൽ 662 പച്ചതുരുത്തുകൾ).

❖ പാലക്കാട് (111.72 ഏക്കർ ആകെ വിസ്തൃതിയിൽ 271), മലപ്പുറം (71.37 ഏക്കർ ആകെ വിസ്തൃതിയിൽ 128) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

❖ പച്ചത്തുരുത്തുകൾ സ്ഥാപിക്കുവാൻ ജില്ലകൾക്കു ടാർഗറ്റ് നൽകിയിട്ടുണ്ട്. ടാർഗറ്റ് നൽകിയ ശേഷം കേരളത്തിൽ കഴിഞ്ഞ മൂന്ന് മാസത്തിൽ 10.791 ഏക്കർ ആകെ വിസ്തൃതിയിൽ 66 പുതിയ പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിലാണ് കൂടുതൽ പച്ചത്തുരുത്തുകൾ മൂന്ന് മാസത്തിൽ സ്ഥാപിച്ചത്.

| പച്ചത്തുരുത്ത് | ജനുവരി മാസം വരെ | ഫെബ്രുവരി മാസം | ആകെ |
|---|---|---|---|
| എണ്ണം | 2922 | 20 | 2942 |
| വിസ്തൃതി (ഏക്കർ) | 845.71 | 4.21 | 849.92 |

❖ ഫെബ്രുവരി മാസം 144 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 91 ഇടങ്ങളിലായി 232 പുതുതൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 41 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 28 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

❖ തിരുവനന്തപുരം ജില്ലയിൽ 130 സെന്റ് വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകൾ ഫെബ്രുവരി മാസം ആരംഭിച്ചു. 254 തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.

- ❖ തിരുവനന്തപുരം വെട്ടൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയിൽ 30 സെന്റ് വിസ്തൃതിയുള്ള പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു. 20 ഔഷധ സസ്യങ്ങൾ, 30 RET പ്ലാന്റ്സ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
- ❖ കൊല്ലം ജില്ലയിൽ ഫെബ്രുവരി മാസം പുതിയതായി കല്ലുവാതുക്കൽ, കരവാളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 3 പച്ചത്തുരുത്തുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ ചവറ ഐ.ആർ.ഇയുടെ അധീനതയിൽ ചവറ, പന്മന, ആലപ്പാട് ഗ്രാമപഞ്ചായത്തുകളിൽ മൈനിംഗ് കഴിഞ്ഞ ഏകദേശം 40 ഏക്കർ സ്ഥലത്ത് പച്ചത്തുരുത്തും 20 ഏക്കറിൽ ബയോഡൈവേഴ്സിറ്റി പാർക്കും സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ 11 തദ്ദേശസ്ഥാപനങ്ങളിൽ കണ്ടൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി സാദ്ധ്യത പഠനം നടത്തുന്നുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ വിവിധ ഗ്രാമപഞ്ചായത്തകളിലെ പച്ചത്തുരുത്തുകളിൽ പുനസന്ദർശനം നടത്തി വേണ്ട ഇടപെടലുകൾ നടത്തിയിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിലെ അതിരമ്പുഴ കോട്ടക്കുപുറം സർക്കാർ സ്കൂളിന്റെ 20 സെന്റ് സ്ഥലത്തും, കോട്ടയം നഗരസഭയിലെ രണ്ട് വാർഡുകളിലും പുതിയ പച്ചത്തുരുത്തുകൾ നിർമ്മിക്കും.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി നഗരസഭ ഡിവിഷൻ 37 ഇടപ്പള്ളി ഗവൺമെന്റ് യുപി സ്കൂളിലും എറണാകുളം സൗത്ത് ഗവൺമെന്റ് ഗേൾസ് യുപി സ്കൂളിലും പുതിയ പച്ചത്തുരുത്ത് സ്ഥാപിച്ചു. 15 ഫലവർഗ തൈകളാണ് നട്ടിട്ടുള്ളത്.
- ❖ പാലക്കാട് ജില്ലയിൽ ഫെബ്രുവരി മാസത്തിൽ 79 സെന്റ് വിസ്തൃതിയിൽ 6 പുതിയ പച്ചത്തുരുത്ത് ആരംഭിച്ചു. പുനസന്ദർശനം നടത്തിയ 14 പച്ചത്തുരുത്തുക്കൾ 361 സെന്റിൽ ഏകദേശം 1500 വൃക്ഷതൈകൾ നിലവിലുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ഫെബ്രുവരി മാസത്തിൽ പുതിയ ഒരു പച്ചത്തുരുത്ത് സ്ഥാപിച്ചു.
- ❖ വയനാട് ജില്ലയിൽ വെങ്ങപ്പള്ളി ചോലപ്പുറം പച്ചത്തുരുത്തിൽ പഠന ഗവേഷണത്തിന്റെ ഭാഗമായി ആസ്ട്രേലിയയിലെ ക്വീൻസ്ലാന്റ് യൂണിവേഴ്സിറ്റിയിലെ 9 വിദ്യാർത്ഥികളും 2 ഫാക്കൽറ്റീസും സന്ദർശിച്ചു. എം.എസ് സ്വാമിനാഥൻ ഗവേഷണ നിലയം ഗവേഷകൻ ശ്രീ.സലീം പിച്ചൻ, പ്ലാന്റ് എക്സ്പേർട്ട് നന്ദകുമാർ എന്നിവർ നേതൃത്വം നൽകി.
- ❖ കാസറഗോഡ് ജില്ലയിൽ ഫെബ്രുവരി മാസത്തിൽ 5 പുതിയ പച്ചത്തുരുത്തുകൾ 134 സെന്റിൽ ആരംഭിച്ചിട്ടുണ്ട്.
- ❖ കാലവർഷം എത്തുന്ന ജൂൺ മാസത്തിൽ സ്ഥാപിക്കുന്നതിനായി 2043.8 സെന്റ് ആകെ വിസ്തൃതിയിൽ 212 പച്ചതുരുത്തിനുള്ള സ്ഥലം വിവിധ ജില്ലകളിൽ ഫെബ്രുവരി മാസത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**പച്ചത്തുരുത്ത് ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **77** | **163** | **176** | **256** | **595** | **1** | **42** | **0** | **0** | **222** | **447** |

- ❖ പച്ചത്തുരുത്തിന്റെ പരിപാലനത്തിനു സംഘാടക സമിതി രൂപീകരിക്കാത്തതും, രൂപീകരിച്ചവ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കാത്തതും, സ്ഥാപിച്ച പല പച്ചത്തുരുത്തുകളും നശിച്ചു പോകാൻ കാരണമായിട്ടുണ്ട്. സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി പച്ചത്തുരുത്ത് വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

## 6) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശു രഹിതമാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലും പെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 6 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതിയിൽ റിപ്പോർട്ട് മാസം വരെ 2349 വാർഡുകളിൽ പ്രവർത്തനം നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട്, കണ്ണൂർ, കാസർഗോഡ് മലപ്പുറം എന്നീ എട്ട് ജില്ലകളിലായി 439 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- തിരുവനന്തപുരം ജില്ലയിൽ കാർഷിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതസമൃദ്ധി വാർഡ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 287 വാർഡുകൾ ലക്ഷ്യമിട്ടതിൽ 122 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ തരിശ്ശ് ഏലകൾ കൃഷി യോഗ്യമാക്കി മാറ്റുന്നതിന്റെ ഭാഗമായി മൈനർ ഇറിഗേഷൻ 26 ലക്ഷത്തിന്റെയും, 17 ലക്ഷത്തിന്റെയും രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചു.
- കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട മുസ്‌ലീം ഗേൾസ് സ്കൂളിലെ സാഫ് നേച്ചർ ക്ലബ്ബ് തിടനാട് മഹാക്ഷേത്രത്തിലേയ്ക്ക് തയ്യാറാക്കിയ പൂജാപുഷ്പ സസ്യ തൈകളുടെ വിതരണോദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ് ക്ഷേത്രഭാരവാഹിക്ക് മന്ദാര തൈ നൽകിക്കൊണ്ട് നിർവ്വഹിച്ചു.
- ഇടുക്കി ജില്ലയിൽ കുമളി ഗ്രാമപഞ്ചായത്തിലെ വാർഡ് 8, കൊക്കയാർ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 എന്നീ വാർഡുകളെ ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചു.
- എറണാകുളം ജില്ലയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ നാലു വാർഡുകളെ ഹരിത വാർഡായി പ്രഖ്യാപിച്ചു.
- പാലക്കാട് ജില്ലയിൽ തൃത്താല മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലുമായി 15 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ആരംഭിച്ചിട്ടുണ്ട്. പച്ചക്കറി, നെൽകൃഷി മുതലായ കൃഷികളാണ് ചെയ്യുന്നത്. പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. ഈ വർഷം ലഭ്യമായ എല്ലാ തരിശു ഭൂമിയും കൃഷിയോഗ്യമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- മലപ്പുറം ജില്ലയിൽ താനാളൂർ, നിറമരുതൂർ, പെരുമണ്ണക്ലാരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ 9 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- കണ്ണൂർ ജില്ലയിൽ രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 31 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- വയനാട് ജില്ലയിൽ ഫെബ്രുവരി മാസം 2 ഗ്രാമപഞ്ചായത്തുകളിലെ 4 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപനം നടത്തി.
- കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി നെറ്റ് സീറോ പഞ്ചായത്തുകളായ മൂളിയാർ (15 വാർഡുകൾ), ബേഡഡുക്ക (17 വാർഡുകൾ), തൃക്കരിപ്പൂർ (21 വാർഡുകൾ), മടിക്കൈ (15 വാർഡുകൾ), കിനാനൂർ കരിന്തളം (17 വാർഡുകൾ) എന്നീ ഗ്രാമപഞ്ചായത്തിലെ 85 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. കൂടാതെ കോടോം ബേളൂർ (19 വാർഡുകൾ), ചെങ്കള, പള്ളിക്കര, ഉദുമ, അജാനൂർ, വോർക്കാടി, ചേങ്കിള, മൊഗ്രാൽ പുത്തൂർ എന്നിവിടങ്ങളിലെ ഓരോ വാർഡ് വീതവും ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.

| കാർഷിക മേഖലയിലെ ഇടപെടലുകൾ ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **51** | **221** | **288** | **826** | **1335** | **2** | **23** | **0** | **0** | **67** | **132** |

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് | തെരഞ്ഞെടുത്ത ത.സ്വ.ഭ.സ എണ്ണം (Net Zero GP Included) | തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് | തെരഞ്ഞെടുത്ത വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം |
| **152** | **164** | **6** | **3040** | **2349** | **435** |

## 7) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്ക ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിച്ചു വരുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച മുഴുവൻ സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഫെബ്രുവരി മാസത്തെ 1,062 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 26,316 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | |
|---|---|---|---|
| പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | ജനുവരി വരെ | ഫെബ്രുവരി | ആകെ |
| **207** | **25254** | **1,062** | **26,316** |

- ❖ ജില്ലകളിൽ ടാർഗറ്റ് പ്രകാരമുള്ള ടെസ്റ്റുകൾ നടത്തുന്നതിനായി സാധിച്ചിട്ടില്ല. പരീക്ഷ സമയം ആയതും, കെമിക്കൽ കിറ്റുകൾ ഡേറ്റ് കഴിഞ്ഞതും, കെമിക്കൽ ഇല്ലാത്തതും ടെസ്റ്റിന്റെ എണ്ണത്തെ ബാധിച്ചു. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും അടുത്ത ഡി.പി.സിയിൽ പ്രോജക്ട് ഏറ്റെടുക്കാനും, കെമിക്കലും കിറ്റും വാങ്ങി പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് വാട്ടർ ടെസ്റ്റിംഗ് കൂടുതൽ തൃശ്ശൂർ ജില്ലയിൽ നടന്നിട്ടുണ്ട്, ജില്ലയ്ക്ക് നൽകിയ ലക്ഷ്യത്തിന്റെ 66% പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 54 ലാബുകളിൽ നടന്നത് 17124 പരിശോധനകൾ.
- ❖ കൊല്ലം ജില്ലയിൽ എം.എൽ.എ മാർ അനുവദിച്ച പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി വേഗത്തിൽ ആക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മുഖത്തല ബ്ലോക്ക്പഞ്ചായത്തിൽ പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനായി AS ലഭ്യമായിട്ടുണ്ട്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ TS ലഭ്യമായിട്ടുണ്ട്. ആയതിന്റെ വർക്ക് ഓർഡർ നൽകി. അഞ്ചൽ

ബ്ലോക്ക് പഞ്ചായത്തിൽ TS ലഭ്യമായി KIIDC ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും വർക്ക് എടുത്തിട്ടില്ല.

- ❖ ഇടുക്കി ജില്ലയിൽ കടയത്തൂർ ഹയർസെക്കന്ററി സ്കൂൾ, കട്ടപ്പന St.ജോർജ് HS സ്കൂൾ എന്നിവിടങ്ങളിൽ NSS കുട്ടികളുടെ സഹകരണത്തോടെ ജല സാമ്പിൾ പരിശോധന എല്ലാ ആഴ്ച്ചകളിലും നടത്തുന്നതിന് തീരുമാനിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് ക്യാമ്പ് പശ്ചാത്തലത്തിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഫെബ്രുവരി മാസത്തിൽ വാർഡ് അടിസ്ഥാനത്തിൽ ജലഗുണനിലവാര ടെസ്റ്റുകൾ നടത്തി.
- ❖ മലപ്പുറം ജില്ലയിൽ നിലവിൽ രണ്ട് എംഎൽഎമാർ 5 സ്കൂളുകളിലെ ലാബിനുവേണ്ടി ആറര ലക്ഷം രൂപയുടെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 13 ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജല പരിശോധന ലാബുകൾ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിനു തയ്യാറായിട്ടുണ്ട്.

## 8) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ❖ ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺസും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സ്ഥലവും മറ്റ് പരിമിതികളും കാരണം ചില സ്ഥാപനങ്ങൾക്ക് പച്ചത്തുരുത്ത് ഉൾപ്പെടെയുള്ളവ നടപ്പാക്കാൻ പ്രയാസമുണ്ടാകും എന്നതിനാലാണ് എ ഗ്രേഡ് കിട്ടുന്നവർക്കും ഹരിത സാക്ഷ്യപത്രം നൽകുന്നത്.

| ഹരിത സ്ഥാപനം ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **543** | **506** | **2017** | **2587** | **5110** | **7** | **239** | **15** | **952** | **1107** | **2126** |

- ❖ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, എന്നീ ജില്ലകളിൽ

സ്ഥാപനതല പരിശോധന നന്നായി നടന്നിട്ടുണ്ട്.

- ❖ തിരുവനന്തപുരം - 1430, കൊല്ലം - 1618, പത്തനംതിട്ട - 1194, എറണാകുളം - 1163, തൃശ്ശൂർ - 1091, കണ്ണൂർ - 1062 എന്ന ക്രമത്തിൽ പരിശോധന നടന്നിട്ടുണ്ട്.
- ❖ ഹരിത സ്ഥാപനങ്ങൾ കൂടുതൽ ഉള്ള ജില്ലകൾ കണ്ണൂർ, കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ.
- ❖ ഹരിത സ്ഥാപനങ്ങളാക്കി മാറ്റാൻ ജില്ലകളിൽ വിവിധ ഇടപെടലുകൾ നടത്തുകയും 11854 സ്ഥാപനങ്ങളിൽ പരിശോധന നടത്തി അവയ്ക്ക് മാർക്കും ഗ്രേഡും നൽകുകയും ചെയ്തിട്ടുണ്ട്.
- ❖ പരിശോധന നടത്തിയതിൽ 7179 സ്ഥാപനങ്ങളെയാണ് എ/എ പ്ലസ് ഗ്രേഡുകൾ ലഭ്യമായി ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. 3228 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും ലഭിച്ചിട്ടുണ്ട്. ബി ഗ്രേഡു ലഭിച്ച സ്ഥാപനങ്ങളെ ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ എ/എ പ്ലസ് ഗ്രേഡുകളിലേക്ക് ഉയർത്താൻ സാധിക്കും.
- ❖ സംസ്ഥാനത്തെ 3252 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 3338 ഓഫീസുകൾ, 129 ഓഫീസ് കോംപ്ലക്സുകൾ, 11 കമ്മ്യൂണിറ്റി ഹാളുകൾ, 449 മറ്റുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്കു ഹരിത സ്ഥാപനം പദവി ലഭിച്ചിട്ടുണ്ട്.
- ❖ ഒരു ഗ്രേഡും ലഭിക്കാത്ത (80 ൽ താഴെ മാത്രം മാർക്ക് ലഭിച്ച) 1445 സ്ഥാപനങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മറ്റ് ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, അടുത്ത 2 മാസ കാലയളവിൽ ഈ സ്ഥാപനങ്ങളെ ഉയർന്ന ഗ്രേഡുകളിലേക്ക് എത്തിക്കേണ്ട പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തുന്നു വരുന്നു.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1430 | 763 | 438 | 229 |
| കൊല്ലം | 1618 | 768 | 521 | 328 |
| പത്തനംതിട്ട | 1194 | 695 | 351 | 141 |
| ആലപ്പുഴ | 589 | 408 | 130 | 51 |
| കോട്ടയം | 502 | 342 | 122 | 48 |
| ഇടുക്കി | 492 | 327 | 112 | 53 |
| എറണാകുളം | 1163 | 468 | 413 | 282 |
| തൃശ്ശൂർ | 1091 | 715 | 358 | 19 |
| പാലക്കാട് | 581 | 380 | 133 | 63 |
| മലപ്പുറം | 666 | 343 | 238 | 85 |
| കോഴിക്കോട് | 656 | 427 | 158 | 71 |
| വയനാട് | 148 | 87 | 22 | 39 |
| കണ്ണൂർ | 1062 | 919 | 130 | 13 |
| കാസർകോട് | 662 | 537 | 102 | 23 |
| ആകെ | 11854 | 7179 | 3228 | 1445 |

- ❖ തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമ പഞ്ചായത്തിൽ 55 ഹരിത ഓഫീസുകളുടെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഹരിത സ്ഥാപനങ്ങളുടെ പരിശോധനയിൽ എ പ്ലസ് ഗ്രേഡ് നേടി ഹരിത ഓഫീസായി മാറിയ FHC, ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നീ സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു.
- ❖ കൊല്ലം ജില്ലയിൽ കൊട്ടാരക്കര സെന്റ് ഗ്രീഗോറിയസ് കോളേജ് ഹരിത ക്യാമ്പസായി പ്രഖ്യാപനം 01/02/24ന് നഗരസഭ ചെയർമാൻ നിർവഹിച്ചു.

## 9) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 79 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- തിരഞ്ഞെടുത്തവയിൽ ടൂറിസം കേന്ദ്രങ്ങളായി വികസിച്ചവയും പുതിയതായി വികസിച്ചു വരുന്നവയും ഉൾപ്പെടുന്നു. നിലവിൽ ഇവയുടെ അവസ്ഥാപഠനം നടത്തുകയും ഗ്യാപ്പുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനതലത്തിൽ യോഗം നടത്തുകയും ഈ ഗ്യാപ്പുകൾ അവതരിപ്പിക്കുകയും, തുടർന്ന് പ്രസ്തുത ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡർമാരുടെ യോഗം വിളിച്ചു ചേർക്കുകയും തുടർപ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു വരുന്നു.
- തിരുവനന്തപുരം ജില്ലയിൽ പൂവാർ ബീച്ച് ടൂറിസം/പൊഴിക്കര ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾ, ബ്ലോക്ക് എന്നിവിടങ്ങളിൽ പ്രൊജക്റ്റ് സമർപ്പിച്ചിട്ടുണ്ട്. ഹരിത ടൂറിസം സാധ്യമാക്കാൻ കഴിയുന്ന സ്ഥലങ്ങൾ സമഗ്ര ടൂറിസം പദ്ധതിയിൽ ഉൾപെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിലെ മൺട്രോതുരുത്തിൽ ടേക്ക് എ ബ്രേക്ക് പണി പുരോഗമിക്കുന്നു. തെന്മല ഡാം പ്രദേശത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം ആരംഭിച്ചു.
- കൊല്ലം ജില്ലയിലുള്ള ഇടമുളക്കൽ ചെമ്പകരാമനല്ലൂർ ചിറ ടൂറിസം ടെസ്റ്റിനേഷൻ ആയും ഒപ്പം നീന്തൽകുളം ആയും മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഹരിതകേരള മിഷന്റെ ഏകോപനത്തിൽ സ്പോർട്സ് കൗൺസിൽ, DTPC, MGNREGS, ഗ്രാമപഞ്ചായത്ത്, ശുചിത്വമിഷൻ, കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്തി 05/02/24-ന് യോഗം ചേർന്നു. നീന്തൽ കുളത്തിനായുള്ള പ്ലാൻ സ്കെച്ച് തയ്യാറാക്കി ജില്ലാ സ്പോർട്സ് കൗൺസിലിന് ഗ്രാമപഞ്ചായത്ത് പ്രൊജക്റ്റ് സമർപ്പിച്ചു. ടോയ്‌ലറ്റ് ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ തീരുമാനിച്ചു. ഭക്ഷണ ശാലയുടെ മേൽനോട്ടം കുടുംബശ്രീയ്ക്ക് നൽകാനും, പാർക്ക് തുടങ്ങിയ പ്രവർത്തനങ്ങൾക്കയുള്ള നിലം ഒരുക്കൽ പ്രവർത്തനം MGNREGS വഴി നടത്തുവാനും തീരുമാനിച്ചു.
- കൊല്ലം ജില്ലയിലുള്ള ചിറ്റുമല ചിറയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. സൗന്ദര്യവൽക്കരണത്തിന്റെ ആദ്യഘട്ടവും പൂർത്തീകരിച്ചു. സൗന്ദര്യവൽക്കരണത്തിനായി നട്ട മുളകൾ സംരക്ഷിക്കുന്നതിനായി ഇരുമ്പ് ട്രീഗാർഡ് സ്ഥാപിക്കാൻ ബ്ലോക്ക്പഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. താമരകൃഷി ആരംഭിക്കുന്നതിനായി നിലം ഒരുക്കൽ പൂർത്തീകരിച്ചു. കർഷകരിൽ നിന്നും സമ്മതപത്രം ലഭിക്കുന്നതിന് കാലതാമസ്സം നേരിട്ടതിനാൽ നടീൽ ഫെബ്രുവരി മാസത്തിൽ ആരംഭിക്കുന്നതിന് സാധിച്ചില്ല. ആയതുമായി ബന്ധപ്പെട്ട് കർഷകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത് പ്രേസിഡെന്റിന്റെ അദ്ധ്യക്ഷതയിൽ 04/03/24-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിലുള്ള കരീപ്ര ചിയാംകുളം നവീകരിക്കുന്നതിനായി ജില്ലാപഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. മണ്ണ് പര്യവേഷണ വകുപ്പ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഹരിത ടൂറിസ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ.
- കരീപ്ര ഉളകോട് പാറക്വാറി ഹരിത ടൂറിസം പദ്ധതിക്കായി ഡി.ടി.പി.സി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി. ക്വാറിയുടെ കരീപ്ര പഞ്ചായത്ത് ഏരിയയിൽ ഫെൻസിംഗ്, നടപ്പാത എന്നിവ നിർമ്മിക്കുന്നതിനും കുട്ടികളുടെ പാർക്ക്, ഗാർഡൻ, ടേക്ക് എ ബ്രേക്ക്, കവാടം തുടങ്ങിയവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഹരിത ടൂറിസം അവസ്ഥ പഠനത്തിന്റെയും സംസ്ഥാന ടീം നടത്തിയ സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തെന്മല ഹരിത വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള

തുടർപ്രവർത്തങ്ങൾ ആലോചിക്കുന്നതിനായി നവകേരളം കർമപദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ വച്ച് 14/02/24-ന് യോഗം ചേർന്നു. നവകേരളം കർമപദ്ധതി കോ-ഓർഡിനേറ്റർ ഡോ.ടി.എൻ.സീമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന മിഷൻ ടീമിനൊപ്പം വിവിധ വകുപ്പുകളിലെ സംസ്ഥാന, ജില്ലാ തല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്തു. ഹരിതകേരളം മിഷൻ ടീം തുടർ സന്ദർശനം നടത്തുന്നതിനും ടൂറിസത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഹരിത ഇടനാഴി നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങളും തീരുമാനിച്ചു.

- ❖ ആലപ്പുഴ ജില്ലയിലെ, ആലപ്പുഴ ബീച്ചിൽ ഫെബ്രുവരി മാസം പുതുതായി 5 ക്യാമറകളും ഹൈ വേ നിർമാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാത്ത തരത്തിൽ എടുത്തു മാറ്റാൻ സാധിക്കുന്ന 25 ബിന്നുകളും സ്ഥാപിച്ചു. പുന്നമടയിൽ സ്റ്റാർട്ടിങ് പോയിന്റ് മുതൽ ഫിനിഷിങ് പോയിന്റ് വരെ 23 ബിന്നുകൾ സ്ഥാപിച്ചു. പുല്ലയം ആക്കനടിയിൽ സൗന്ദര്യ വത്കരണത്തിന്റെ ഭാഗമായി പൂച്ചെടികളും തണൽ വൃക്ഷങ്ങളും വച്ചുപിടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ മലമ്പുഴ, കാഞ്ഞിരപുഴ, പോത്തുണ്ടി, മംഗലം ഡാം, വെള്ളിയാങ്കല്ല് എന്നീ 5 ടൂറിസം കേന്ദ്രങ്ങളാണ് മാലിന്യമുക്തം ആകുന്നതിനു തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ജില്ലാതല ഉദ്യോഗസ്ഥരുടെ ആദ്യഘട്ട യോഗം പൂർത്തിയായി. തിരഞ്ഞെടുത്ത 5 ഹരിത ടൂറിസം കേന്ദ്രങ്ങളിൽ ഹരിത ടൂറിസം ആശയ അവതരണം, അവസ്ഥാപഠനം, തദ്ദേശ സ്ഥാപന തല അവതരണം പൂർത്തിയായി. നിലവിൽ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗങ്ങളാണ് നടത്തി വരുന്നത്. 2/2/2024-നു വെള്ളിയാങ്കല്ല് ടൂറിസം കേന്ദ്രം സ്ഥിതിചെയുന്ന പരുതുർ ഗ്രാമപഞ്ചായത്തിലെ കച്ചവടക്കാർ, ഡ്രൈവർമാർ എന്നിവരുടെ യോഗം നടത്തി. 29/2/2024-നു പോത്തുണ്ടി ഡാം സ്ഥിതി ചെയുന്ന നെന്മാറ ഗ്രാമപഞ്ചായത്തിൽ വെച്ച് സ്റ്റേക്ക് ഹോൾഡേർമാരുടെ യോഗം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗ്യാപ്പ് നികത്തുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കുന്നതിനു വേണ്ടി 5/2/2024-നു ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നു.
- ❖ പാലക്കാട് ജില്ലയിൽ മംഗലം ഡാം ടൂറിസം കേന്ദ്രം സ്ഥിതി ചെയുന്ന വണ്ടാഴി ഗ്രാമപഞ്ചായത്തിലെ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം 6/3/2024-നു നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാർച്ച് മാസത്തിൽ തന്നെ സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം നടത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.
- ❖ പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി, ചൂലനൂർ പക്ഷിസങ്കേതം, പാലക്കാട് കോട്ട മൈദാനം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കൂടി ഹരിത ടൂറിസം കാമ്പയിനിലുൾപ്പെടുത്തുവാനുള്ള പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു.
- ❖ മലപ്പുറം ജില്ലയിൽ ഹരിത ടൂറിസത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിലമ്പൂർ തേക്ക് മ്യൂസിയം പറവണ്ണ ബീച്ച്, മിനി ഊട്ടി, എന്നീ മൂന്ന് ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിത ടൂറിസം സാധ്യതയുള്ള ഇടങ്ങൾ റിപ്പോർട്ട് കാലയളവിൽ വീണ്ടും സന്ദർശനം നടത്തി സംസ്ഥാന മിഷൻ തന്ന ഫോറം പൂരിപ്പിച്ചിട്ടുണ്ട്. തുഷാരഗിരി, ലോകനാർകാവ്, പയംകുറ്റിമല എന്നിവിടങ്ങളിൽ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ തന്നെ സന്ദർശനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 4 കേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയപ്പോൾ ലഭിച്ച വിവരങ്ങൾ സംബന്ധിച്ച് അവതരണം നടത്തിയിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ ലോകനാർകാവിൽ ഹരിത പൂരമാക്കാനുള്ള വലിയ ഇടപെടലാണ് നടന്നുവരുന്നത്. അതിനായുള്ള പ്രാരംഭഘട്ട തയ്യാറെടുപ്പുകൾ നടത്തിവരുന്നു. അതിനു മുന്നെ തന്നെ ഹ്രസ്വകാല പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള ഇടപെടലും നടത്തുന്നുണ്ട്. പയംകുറ്റിമലയിൽ തൊഴിലുറപ്പ് പദ്ധതി സാധ്യത ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജാനകിക്കാടിൽ ബിൻ സ്ഥാപിക്കൽ ഉൾപ്പെടെ റിപ്പോർട്ട് മാസത്തിൽ നടന്നിട്ടുണ്ട്.

- കണ്ണൂർ ജില്ലയിൽ ചെറുമാവിലായി പാറപ്രം റെഗുലേറ്റർ കം ബ്രിഡ്ജിനോട് ചേർന്ന് പുതിയ ടൂറിസം പാർക്ക് ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുകയാണ്. സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലാൻഡ് സ്കേപ്പിംഗ്, ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക്, കഫ്റ്റീരിയ, ടോയ്ലറ്റ്, കിയോസ്ക് എന്നിവയുടെ പദ്ധതി പ്രപ്പോസലിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകി. നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. 99,21,324 രൂപയുടേതാണ് പ്രൊപ്പോസൽ.
- കാസറഗോഡ് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ തുടർച്ചയായി മാസം തോറും നടന്നു വരുന്നുണ്ട്. പൊസടിഗുബ വരൾച്ചയുടെ പിടിയിലാണ്. കോടി കടപ്പുറത്ത് വിശദമായ ഡിപിആർ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫണ്ട് നീക്കി വെയ്ക്കുകയും സർവ്വെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കണ്വതീർത്ഥയിലും കുമ്പളയിലും നിർമാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ചെമ്പരിക്കയിലെ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന്റെ കൂടി സഹായത്തോടെ ഡിപിആർ തയ്യാറാക്കാനും അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. അഴിത്തല ബീച്ചിൽ പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. നിർമാണ പ്രവർത്തികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൈറ്റ് ബീച്ചിൽ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ബോർഡുകൾ സ്ഥാപിച്ചു. മേൽനോട്ടത്തിനും മറ്റുമായി ചുമതലക്കാരെ ഡിടിപിസി കണ്ടെത്തിയിട്ടുണ്ട്. പുതിയ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് നഗരചത്വരം നിർമാണം പുരോഗമിക്കുന്നു.

| ഹരിത ടൂറിസം ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 26 | 150 | 144 | 102 | 396 | 0 | 0 | 0 | 0 | 31 | 158 |

## 10) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- 16466 മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 1313 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- 35352 ഹരിത കർമ്മ സേന അംഗങ്ങൾ.
- ഫെബ്രുവരി മാസത്തിൽ 966.212 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 2585.205 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 135.717 ടൺ ലെഗസി മാലിന്യങ്ങളും, 24.835 ടൺ ഇ-മാലിന്യങ്ങളും, 185.055 ടൺ ചില്ല് മാലിന്യവും 47.360 ടൺ തുണി മാലിന്യവും 5.376 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 15.091 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 29.87 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 8449 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വാർ റൂം ഡാറ്റയാണ് റിപ്പോർട്ടിൽ ഉൾകൊള്ളിച്ചു വന്നിരുന്നത്. എന്നാൽ വാർ റൂം ഡാറ്റ സൈറ്റിൽ കഴിഞ്ഞ മൂന്ന് മാസങ്ങളായി update / മാറ്റം വരുത്തിയിട്ടില്ല.

| പ്രവർത്തനങ്ങൾ | |
|---|---|
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (ലക്ഷം) (വാർ റൂം) | 77.11 |
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) (വാർ റൂം) | 7.1 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ലീൻ കേരള കമ്പനിക്കു കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ) | 966.212 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ലീൻ കേരള കമ്പനിക്കു കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ) | 2585.205 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ലീൻ കേരള കമ്പനിക്കു കൈമാറിയ ഇ-മാലിന്യം (ടൺ) | 24.835 |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം(കോടി) (വാർ റൂം) | 29.87 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | 1313 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | 16466 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | 138 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | 855 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | 71.9 |

- ❖ വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 77.11 ലക്ഷം വീടുകളിൽ നിന്നും 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 855 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 71.9 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- ❖ തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജക മണ്ഡലത്തിലെ ഹരിതകർമ്മസേന അംഗങ്ങളെ ആദരിക്കൽ, മാലിന്യമുക്ത നിയോജക മണ്ഡലം, ആദ്യഘട്ട പൂർത്തീകരണ പ്രഖ്യാപനവും, രണ്ടാം ഘട്ട കർമ്മ പദ്ധതിരേഖ പ്രകാശനവും 28/02/2024-ന് വാമനപുരം MLA ഉദ്ഘാടനം ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ തിരുമാറാടി ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ പണി കഴിപ്പിച്ച ഹരിത കർമ്മ സേന ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.T.N.സീമ നിർവഹിച്ചു.
- ❖ വയനാട് ജില്ലയിൽ എന്റെ വാർഡ് 100-ൽ 100 എന്ന കാമ്പയിനിന്റെ ഭാഗമായി കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ 6 വാർഡുകളിൽ 100% യൂസർഫീയും 100% വാതിൽപ്പടി ശേഖരണവും ഫെബ്രുവരി മാസം പൂർത്തീകരിച്ചു. കാമ്പയിനിൽ മികച്ച നേട്ടം കൈവരിച്ച കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ഹരിതകേരളം മിഷൻ ആദരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃക പ്രവർത്തനം കാഴ്ചവെച്ച ഇരട്ടയാർ ഹരിത കർമ്മ സേനയ്ക്ക് ഹരിത കേരളം മിഷന്റെ ആദരവ് നൽകി.
- ❖ ഇടുക്കി ജില്ലയിൽ ഹരിത കേരളം മിഷൻ മാതൃക പദ്ധതി പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കാരണത്തിനായി നിർമ്മാണം പൂർത്തീകരിച്ച തുമ്പൂർമുഴി കമ്പോസ്റ്റിംഗ് യൂണിറ്റ് ഉത്ഘാടനം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ 6/2/2024-ന് ചെറുതാഴത്ത് നടന്ന ജില്ലാ ക്ഷീരോൽസവ ചടങ്ങിൽ വെച്ച് കാമ്പയിൻ ലോഗോ എം വിജിൻ എം.എൽ.എ പ്രകാശനം ചെയ്തു.

## 10.1 മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024 ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

- ❖ എറണാകുളം ജില്ലയിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് സ്ഥായിയായി വരുമാനം ലഭിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പണിത ഗ്രീൻ ഫെസലിറ്റേഷൻ സെന്റർ എംഎൽഎ അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു.
- ❖ പാലക്കാട് ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതസഭ പൂർത്തീകരിച്ചു. ഹരിത ഓഡിറ്റിങ്ങും റിപ്പോർട്ട് തയ്യാറാക്കലും അവതരണവും പൂർത്തീകരിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ മാലിന്യമുക്ത നവകേരള പ്രവർത്തനത്തിന്റെ ഭാഗമായി ബ്ലോക്ക്തല ശില്പശാല അതാത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ വച്ച് നടത്തുകയും ഈ ശില്പശാലകളെ പിന്തുടർന്നു കൊണ്ട് ബ്ലോക്ക്തല അവലോകന യോഗങ്ങളും നടന്നു.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ മുക്ത നവകേരളം കാമ്പയിനിന്റെ ഭാഗമായുള്ള ബോധവൽക്കരണ യാത്ര 12/02/2024-ന ഇടുക്കി കളക്ടേറ്റിൽ തുടക്കമായി. മാർച്ച് 4 വരെ ആണ് ബോധവൽക്കരണ യാത്ര സംഘടിപ്പിച്ചിട്ടുള്ളത്.
- ❖ ഇടുക്കി ജില്ലയിൽ ശാന്തൻപാറ പഞ്ചായത്ത് തുബ്ബൂർ മുഴിയോട് ചേർന്ന് എസ്റ്റേറ്റ് പൂപ്പറയിൽ വലിയ തോതിൽ മാലിന്യങ്ങൾ തള്ളുന്ന സ്ഥലം ആയിരുന്നു, വിദ്യാർത്ഥികളെയും ഹരിത കർമ്മ സേനയെയും ഉൾപ്പെടുത്തി സ്നേഹാരാമം പദ്ധതി വഴി ശുചീകരണ പ്രവർത്തനം നടത്തി. സംസ്ഥാന തലത്തിൽ സ്നേഹാരാമം പദ്ധതിയിൽ ഒന്നാം സ്ഥാനം ശാന്തൻപാറ ഗ്രാമ പഞ്ചായത്തിലെ എസ്റ്റേറ്റ് പൂപാറ സ്നേഹാരാമത്തിന് ലഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ മാലിന്യമുക്തം നവകേരളം രണ്ടാംഘട്ടം പ്രവർത്തനങ്ങളുടെ വിലയിരുത്തലും, മൂന്നാംഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച action plan തയ്യാറാക്കലുമായി ബന്ധപ്പെട്ട് KILA CHRD-യിൽ വെച്ച് ശില്പശാല സംഘടിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ അഞ്ചാലുംമൂട് ഹയർസെക്കൻഡറി സ്കൂളിലെ NSS കുട്ടികൾ, അധ്യാപകർ, ജീവനി പരിസ്ഥിതി സംഘടന, ഹരിതകർമസേന അംഗങ്ങൾ, നവകേരളം കർമ്മ പദ്ധതി ആർ.പിമാർ എന്നിവരുമായി ചേർന്ന് നവകേരളം കർമ്മപദ്ധതിയുടെ ഏകോപനത്തിൽ പ്ലാസ്റ്റിക് വിപത്തിനെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കാമ്പയിൻ സംഘടിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകൾ സംയുക്തമായി 24/02/24-ന് കൊല്ലം ബീച്ച് ക്ലീനിങ് സംഘടിപ്പിച്ചു. കൊല്ലം മേയർ ശ്രീമതി പ്രസന്ന എണസ്റ്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.
- ❖ **ശുചിത്വസാഗരം സുന്ദരതീരം** : ശുചിതസാഗരം സുന്ദരതീരം പ്രോജക്ടിന്റെ ഭാഗമായി ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിൽ ആർ.ആർ.എഫ് നിർമ്മിക്കുന്നതിനായി CSR ഫണ്ടിനായി ചവറ IRE-ലേക്ക് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30 ലക്ഷം രൂപ അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. KMML-ലേക്കും സി.എസ്.ആർ ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| ശുചിത്വ-മാലിന്യ സംസ്കരണ ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **487** | **1985** | **2478** | **7019** | **11482** | **56** | **2883** | **11** | **699** | **387** | **2828** |

## 11) ഗ്രീൻ പ്രോട്ടോകോൾ

- ❖ തിരുവനന്തപുരം ജില്ലയിൽ പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്ന 36 സ്ഥാപനങ്ങളിലും 19 വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കിയതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് നൽകി.
- ❖ എറണാകുളം ജില്ലയിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ സെന്റ്.മാക്സ് മില്യൻ കോൾബെ ചർച്ചിൽ 2000 പേർ പങ്കെടുത്ത നേർച്ചസദ്യ ഹരിതചട്ടം പാലിച്ചു നടത്തി.
- ❖ എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിലെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് പള്ളത്താംകുളങ്ങര ഭഗവതി ക്ഷേത്രത്തിൽ 12/02/24-ന് താലപ്പൊലി ഹരിതചട്ടം പാലിച്ച് നടത്തി.
- ❖ എറണാകുളം ജില്ലയിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ പ്രസിദ്ധമായ ചോറ്റാനിക്കര മകം തൊഴൽ 24/2/2024 ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടന്നു. ഇതിന്റെ ഭാഗമായി കടകളിൽ നിന്നും, ഹോട്ടലുകളിൽ നിന്നും മറ്റും ഡിസ്പോസിബിൾ ഗ്ലാസ് പിടിച്ചെടുക്കുകയും ഫൈൻ ഈടാക്കുകയും ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ സ്ത്രീപക്ഷ നവകേരളം എന്ന ലക്ഷ്യത്തിനായി സംഘടിപ്പിച്ച ബഹു മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി 22/02/2024-ന് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ CIAL കൺവെൻഷൻ സെന്ററിൽ നടന്നു. 3000 വനിതകൾ പങ്കെടുത്ത പരിപാടി ഹരിത ചട്ടം പാലിച്ചു നടന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ മാരാമൺ, ചെറുകോൽപ്പുഴ മഞ്ഞിനിക്കര കൺവൻഷനുകൾ, കുംഭഭരണി ഉത്സവത്തോടനുബന്ധിച്ച് ഏഴംകുളം ദേവി ക്ഷേത്രത്തിലെ ഉത്സവം എന്നിവ ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടത്തി.
- ❖ കൊല്ലം ജില്ലയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സ്കൂളുകൾ, അങ്കണവാടികൾ എന്നിവ സന്ദർശിച്ച് മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി.

## 12) അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാട്ട ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

- ❖ ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും".
- ❖ സുസ്ഥിര ഉപജീവനമാർഗങ്ങൾ, പരമ്പരാഗത കൃഷി രീതികളുടെയും വിത്തുകളുടെയും പുനരുജ്ജീവനം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഉത്തരവാദിത്ത ടൂറിസം, കാര്യ ശേഷി വികസനം, പരിസ്ഥിതി പുനഃസ്ഥാപനം, എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയത്.
- ❖ മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.
- ❖ പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു.

### 12.1 സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative- SSI)

- ❖ കരിമ്പ് കൃഷിയിലെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനുമുതകുന്ന നൂതന സാങ്കേതിക കരിമ്പ് കൃഷി രീതിയാണ് Sustainable Sugarcane Initiative (SSI).
- ❖ മറയൂർ, കാന്തല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി SSI മാതൃകയിൽ കരിമ്പ് കൃഷി ചെയ്തിരുന്നു. തൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറിയും പരീക്ഷണത്തോട്ടങ്ങളും പദ്ധതിയിലൂടെ സ്ഥാപിച്ചിരുന്നു. 30,000 തൈകൾ നഴ്സറിയിൽ പ്രാദേശികമായി ഉത്പാദിപ്പിച്ചു.

- മറയൂർ, കാന്തല്ലൂർ മേഖലകളിലായി 9 കർഷകർക്ക് ആകെ 58,000 തൈകൾ വിതരണം ചെയ്യുകയും. അതുവഴി 11.25 ഏക്കറിൽ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തു.
- ഈ രീതിയിലുള്ള നൂതന സാങ്കേതിക കരിമ്പ് കൃഷി രീതി പരമ്പരാഗത രീതിയെ അപേക്ഷിച്ച് കാർഷിക ചിലവ് പകുതിയായി കുറക്കുകയും വിളവ് ഇരട്ടിയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ഒരു ഏക്കറിൽ നിന്നും 40 ടൺ കരിമ്പ് ലഭിക്കുമ്പോൾ 60 ടൺ കരിമ്പാണ് SSI മാതൃകയിലൂടെ ലഭിക്കുന്നത്.
- പൈലറ്റ് ആയി നടത്തിയ SSI പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പ് വരുത്തുന്നതിനായി ആസൂത്രിതമായ ബോധവൽക്കരണം, പരിശീലനങ്ങൾ, അർഹമായ സബ്സിഡി, മണ്ണ് പരിശോധന, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, നടീൽ, വസ്തുക്കളുടെയും വളങ്ങളുടെയും വിതരണം, എക്സ്പോഷർ വിസിറ്റുകൾ, SSI മേഖലയിലുള്ള തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കൽ തുടങ്ങിയ മേഖലകളിൽ ആവശ്യമായ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ആരംഭിച്ചിട്ടുണ്ട്.
- മറയൂർ ഗ്രാമപഞ്ചായത്ത്, സർവീസ് സഹകരണ ബാങ്ക്, കൃഷി ഭവൻ, ട്രൈബൽ വെൽഫെയർ സൊസൈറ്റി, കുടുംബശ്രീ, നബാർഡ്, ആത്മ, അഗ്രോ നേച്ചർ തുടങ്ങിയ സ്ഥാപനങ്ങൾ നിലവിൽ ഈ പദ്ധതിയുമായി സഹകരിക്കുന്നു.
- SSI മോഡൽ വ്യാപിപ്പിക്കുന്നതുമായ ബന്ധപ്പെട്ട് ഹരിത കേരളം മിഷൻ നേതൃത്വത്തിൽ മറയൂർ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിവിധ വകുപ്പ് പ്രതിനിധികളുടെ യോഗം 2024 ഫെബ്രുവരി മാസത്തിൽ മറയൂർ സർവീസ് സഹകരണ ബാങ്ക് ഹാളിൽ വച്ച് നടന്നു.
- മറയൂരിലെ കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്ര പ്രത്യേകതകൾക്കും അനുസൃതമായി SSI രീതികൾ പരിഷ്കരിക്കാനും, SSI കൃഷിയുടെ ഭാഗമായി പ്രിസെഷൻ ഫാമിങ്, മണ്ണ് പരിശോധന, മൈക്രോ ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നതിനും യോഗത്തിൽ തീരുമാനിച്ചു.
- മാതൃക കൃഷിയിടങ്ങളിൽ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് കൊണ്ട് സാധ്യത പരിശോധിക്കുവാൻ 2024 ഫെബ്രുവരി മാസത്തിൽ നവകേരളം കർമ്മപദ്ധതിയുടെ സംസ്ഥാന ഓഫീസിൽ വച്ച് ജലസേചന വകുപ്പും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ഒരു യോഗം കൂടുകയുണ്ടായി.
- പ്രസ്തുത ടീം ഹരിത കേരളം മിഷൻ ടീമുമായി ചേർന്ന് മൈക്രോ ഇറിഗേഷന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി SSI മോഡലിൽ കരിമ്പ് കൃഷി ചെയ്യുന്ന കർഷകരുടെ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു. സാധ്യത പഠന സന്ദർശനത്തിന്റെ ഫലമായി SSI മോഡലിൽ കൃഷി ചെയ്യുന്ന 5 കൃഷി സ്ഥലങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ നിർദേശപ്രകാരം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കരിമ്പ് കൃഷി തോട്ടങ്ങളിലെ മണ്ണ് പരിശോധിക്കുന്നതിന് ഹരിത കേരളം മിഷന്റെയും സംസ്ഥാന മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിന്റെയും നേതൃത്വത്തിൽ മറയൂർ ഗ്രാമപഞ്ചായത്തുമായും മറയൂർ സർവീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ക്രമീകരണം ഒരുക്കി.
- ഇതിന്റെ ഭാഗമായി കർഷകർക്ക് മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള പരിശീലനം സംഘടിപ്പിച്ചു. പരിശോധനയ്ക്ക് ആവശ്യമായ മണ്ണ് സാമ്പിളുകൾ മറയൂർ, കാന്തല്ലൂർ ഭാഗങ്ങളിലെ വിവിധ കൃഷിത്തോട്ടങ്ങളിൽ നിന്നും ഹരിത കേരളം മിഷൻ ടീമങ്ങൾ ശേഖരിക്കുകയും സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലാബിൽ പരിശോധനയ്ക്കായി അയക്കുകയും ചെയ്തിട്ടുണ്ട്.
- കരിമ്പ് നഴ്സറിയിൽ നിലവിൽ മാനുവൽ ആയി ഓപ്പറേറ്റ് ചെയ്യുന്ന ബഡ്സ് ചിപ്പിങ് മെഷീൻ ഉപയോഗിച്ചാണ് തൈകൾക്ക് ആവശ്യമായ ബഡ്ഡുകൾ മുറിച്ചെടുക്കുന്നത്. ഈ രീതിയിൽ തൈകൾ തയ്യാറാക്കുമ്പോൾ തൈ ഒന്നിന് 5 രൂപയോളം ഉൽപ്പാദന ചെലവ് വരുന്നുണ്ട്. ആയതിനാൽ പുത്തൻ സാങ്കേതിക വിദ്യയുള്ള ഓട്ടോമാറ്റിക് മെഷീനുകളുടെ സൗകര്യം ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. തൈ ഉൽപ്പാദനം യന്ത്രവൽകൃതമാക്കുന്നതിന് ആവശ്യമായ സബ്സിഡി സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നുണ്ട്.

### 12.2 നെൽകൃഷി വികസനം

- അടിമാലി ഗ്രാമപഞ്ചായത്തിൽ തരിശായി ഇട്ടിരിക്കുന്ന ഏറ്റവും വലിയ പാടശേഖരമായ കൊരങ്ങാട്ടി പാടശേഖരത്തിൽ നെൽകൃഷി തിരിച്ചുകൊണ്ട് വരുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.
- അടിമാലി ഗ്രാമപഞ്ചായത്ത്, ജലസേചന വകുപ്പ്, കൃഷി വകുപ്പ്, തൊഴിലുറപ്പ്, കൃഷി വിജ്ഞാന കേന്ദ്രം എന്നിവരുടെ സംയോജനത്തോടെ പ്രവർത്തങ്ങൾ നടന്നു വരുന്നത്.
- 2024 ഫെബ്രുവരി മാസത്തിൽ വിവിധ വകുപ്പുകളുടെയും പ്രാദേശിക കർഷകരുടെയും യോഗം കുരങ്ങാട്ടി കമ്മ്യൂണിറ്റി ഹാളിൽ വിളിച്ചു ചേർത്തു. പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കൃഷി ടൂറിസം സംയോജിത കൃഷി രീതിയും, സന്ദർശകരെ ആകർഷിക്കുന്നതിനായി പൂകൃഷി, താമര കൃഷി, ഏറുമാടങ്ങൾ, സന്ദർശക പോയിന്റുകൾ തുടങ്ങിയ ആശയങ്ങൾ വിവിധ കർഷകർ മുന്നോട്ട് വെച്ചിട്ടുണ്ട്. യോഗത്തിനു ശേഷം വിവിധ വകുപ്പ് പ്രതിനിധികൾ പാടശേഖരം സന്ദർശിക്കുകയും ചെയ്തു.
- പാടശേഖരത്തിലെ ജലസേചന-നിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടശേഖരത്തിലെ ചെക്ക് ഡാം നവീകരിക്കുതിനും, പ്രധാന കനാൽ വീതി കൂട്ടി നവീകരിക്കുന്നതിനും, ചെറുകനാലുകൾ കാലപ്പഴക്കത്തിനും തൽസ്ഥിതിക്കും അനുസരിച്ച് നവീകരിക്കുന്നതിനും, ആവശ്യമെങ്കിൽ പുതിയ ചെറുകനാലുകൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചു. പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പ്, പാടശേഖരം സന്ദർശിച്ചു, എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി കെ.വി.കെയുടെ സാങ്കേതിക സഹായം ലഭ്യമാക്കുന്നുണ്ട്. കൃഷി ചെയ്യുന്നതിന് ആവിശ്യമായ സാങ്കേതിക വിദ്യയും ചെറുയന്ത്രങ്ങളും പഞ്ചായത്തും കൃഷിഭവനും ഒരുക്കും. വലിയ സാമൂഹിക പങ്കാളിത്തത്തോടുകൂടി നെൽകൃഷി തിരിച്ചുകൊണ്ടുവന്നതിനും സുസ്ഥിരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആണ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്.

### 12.3 പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപന്നങ്ങളും

- പദ്ധതിയുടെ ഭാഗമായി കാന്തല്ലൂർ, മറയൂർ, അടിമാലി പഞ്ചായത്തുകളിലായി വന്യമൃഗ സംഘർഷം മൂലം മറ്റു കൃഷി സാധ്യമല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി പുൽതൈല കൃഷി പ്രോത്സാഹിപ്പിച്ചിരുന്നു.
- ബാംഗ്ലൂർ ആസ്ഥാനമായുള്ള CIMAP (Central Institute of Medicinal and Aromatic Plants) എന്ന സ്ഥാപനത്തിന്റെ സഹായത്തോടു കൂടെ അത്യുൽപാദന ശേഷിയുള്ള കൃഷ്ണ ഇനം തൈല പുൽ കൃഷി ആണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. പുൽ തൈലം വാറ്റിയെടുക്കുന്നതിനായി ആധുനിക രീതിയിലുള്ള 3 യൂണിറ്റുകൾ പദ്ധതി പ്രദേശത്ത് സ്ഥാപിക്കുകയും ചെയ്തിരുന്നു. മറയൂർ കാന്തല്ലൂർ മേഖലയിൽ സ്ഥാപിച്ച യൂണിറ്റുകളിൽ പുൽ തൈലം നല്ല രീതിയിൽ ഉത്പാദിപ്പിക്കുന്നുണ്ട്.
- എന്നാൽ അടിമാലി പ്രദേശത്ത് അത്യുൽപാദന ശേഷിയുള്ള പുൽകൃഷി കൂടുതൽ വ്യാപിപ്പിക്കാത്തതിനാൽ വാളറയിൽ സ്ഥാപിച്ചിരിക്കുന്ന പുൽതൈല നിർമ്മാണ യൂണിറ്റ് അത്ര ലാഭകരമല്ലാതെയാണ് നിലവിൽ പ്രവൃത്തിക്കുന്നത്. ഇതിനു പരിഹാരമായി സമീപ പ്രദേശങ്ങളിൽ പുൽക്കൃഷി നടത്തുവാൻ താത്പര്യം ഉള്ള 16 കർഷകരെ കണ്ടെത്തുകയും, 28 ഏക്കറിൽ കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൃഷി ചെയ്യുന്നതിനു ആവശ്യമായ തൈകൾ CIMAP വഴി ലഭ്യമാകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. വേനൽ മഴ ലഭിച്ചതിനു ശേഷം മെയ് മാസത്തിൽ നിലം ഒരുക്കുകയും ജൂൺ മാസത്തിൽ നടീൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതും ആയിരിക്കും.

### 12.4 നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം

- പശ്ചിമ ഘട്ടത്തിന്റെ ഭാഗമായ അഞ്ചുനാടിന്റെയും അതിനോട് ചേർന്നുള്ള പരിസര പ്രദേശങ്ങളുടെയും ജൈവ വൈവിധ്യത്തെക്കുറിച്ചും അവ സംരക്ഷിക്കേണ്ടത്തിന്റെ ആവിശ്യകതയെ കുറിച്ചും പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയിരിക്കുന്ന സ്ഥാപനമാണ് നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം. വിജ്ഞാന കേന്ദ്രം ഇടുക്കി ജില്ലയിലെ അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ സ്ഥാപിച്ചിരിക്കുന്നത്.. 2023 സെപ്റ്റംബർ 23 ന് ജല വിഭവ മന്ത്രി ശ്രീ റോഷിൻ അഗസ്റ്റിൻ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ഉദ്ഘാടത്തിനു ശേഷം ഇത് വരെ 2195 പേരാണ് കേന്ദ്രം സന്ദർശിച്ചത്.

### 12.5 മൂന്നാർ മാലിന്യ സംസ്കരണം

- പദ്ധതി കാലയളവിൽ ഹരിതകേരളം മിഷൻ മൂന്നാർ മാലിന്യ സംസകരണവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. മൂന്നാറിൽ അജൈവ ജൈവ മാലിന്യസംസകരണത്തിനു ആവശ്യമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുകയും ആർ.ആർ.എഫ് കാര്യക്ഷമമാക്കുകയും ഒപ്പം ഹരിത കർമസേന കൺസോർഷ്യം രൂപികരിച്ച് വാതിൽപ്പടി ശേഖരണം ശക്തിപ്പെടുത്തുകയും ചെയ്തിരുന്നു.
- എന്നാൽ ഇപ്പോഴും ഒട്ടേറെ പ്രശ്നങ്ങൾ മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ദിവസേന മൂന്നാർ ടൗൺ, മാർക്കറ്റ്, കോളനികൾ എന്നിവിടങ്ങളിൽ നിന്നുമായി ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മൂന്നാർ ഗ്രാമപഞ്ചായത്തിലെ കല്ലാർ എന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നു. ജൈവ-അജൈവ മാലിന്യങ്ങളുടെ തരംതിരിക്കൽ, അജൈവ പാഴ് വസ്തുക്കളുടെ ബെയ്‌ലിങ്, ജൈവ മാലിന്യത്തിൽ നിന്നുള്ള ജൈവവള ഉത്പാദനം എന്നിവയാണ് ഇവിടെ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. എന്നാൽ ഈ പ്രവർത്തനങ്ങൾ ഒന്നും തന്നെ കുറ്റമറ്റ രീതിയിലല്ല നടക്കുന്നത്.
- മൂന്നാറിലെ മാലിന്യ സംസകരണം കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ട് പോകുന്നതിനായി 23.01.2024 ന നവകേരളം കർമ്മപദ്ധതിയുടെ സംസ്ഥാന ഓഫീസിൽ വച്ച് ശുചിത്വ മിഷൻ, മൂന്നാർ പഞ്ചായത്ത്, ക്ലീൻ കേരളാ കമ്പനി എന്നിവരുടെ സംയുകത യോഗം വിളിച്ച് ചേർത്തു. മൂന്നാർ ഗ്രാമപഞ്ചായത്തിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനും സ്കീം മാപ്പിംഗ് ചെയ്യാനുമായി ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ ടീം രൂപീകരിക്കാനും അവസ്ഥാ പഠനം നടത്തുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മൂന്നാർ ഗ്രാമപഞ്ചായത്തിലെ 9,158 കുടുംബങ്ങളും 950 വ്യാപാരസ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്ന മാലിന്യത്തിനു പുറമെ സഞ്ചാരികൾ വഴി പൊതു സ്ഥലങ്ങളിൽ ഉൾപ്പെടെ രൂപപ്പെടുന്ന വലിയ തോതിലുള്ള മാലിന്യം മൂന്നാറിലും മൂന്നാറിലേക്കുള്ള വഴികളിലും പാരിസ്ഥിതിക പ്രശ്നത്തിന്റെ പ്രധാന കാരണമായി നിലനിൽക്കുന്നുണ്ട്. 2024 ജനുവരി 30, 31 തീയതികളിൽ ഫീൽഡ് സന്ദർശനത്തിലൂടെ നേരിട്ട് സ്ഥിതി വിലയിരുത്തിയും ഗ്രാമപഞ്ചായത്ത് ഓഫീസ്, ഹരിത സഹായ സ്ഥാപനമായ റീസിറ്റിയുടെ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ദ്വിതീയ വിവര ശേഖരണം നടത്തിയും അവസ്ഥ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ നിർദേശങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

## 13) തനതു പ്രവർത്തനങ്ങൾ

### 13.1 സുസ്ഥിര തൃത്താല

- പാലക്കാട് ജില്ലയിൽ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ്

സുസ്ഥിര തൃത്താല.

- 3/2/2024ന തൃത്താല നിയോജകമണ്ഡലത്തിന്റെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവ്വഹിച്ചു.
- സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി സുസ്ഥിരം 2024 നേട്ടങ്ങളുടെ പ്രഖ്യാപനവും ഭാവി പ്രവർത്തന രൂപ രേഖ രൂപീകരണ ശില്പശാല 17/2/2024ന തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. ഹരിത കേരള മിഷന്റെ നേതൃത്യത്തിൽ തയ്യാറാക്കിയ "തൃത്താല പെരുമ ന്യൂസ് ലെറ്റർ" പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.
- 17/2/2024 മുതൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ മൂന്നാംഘട്ട മാലിന്യ ശേഖരണ കാമ്പയിന തുടക്കം കുറിച്ചു.

### 13.2 മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി

ബാലുശ്ശേരി മണ്ഡലത്തിലെ മഞ്ഞപ്പുഴ രാമൻപുഴ സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്ത് യോഗം ചേർന്നു. യോഗത്തിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ, ബാലുശ്ശേരി മണ്ഡലം MLA ശ്രീ.സച്ചിൻദേവ്, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

- ഹരിതസമൃദ്ധം ബാലുശ്ശേരി' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നതിനും, ലോഗോ തയ്യാറാക്കുന്നതിനും, സമഗ്രവികസന പദ്ധതിരേഖ പരിഷ്കാരിക്കുന്നതിനും തീരുമാനിച്ചു.
- പുഴയോരത്തുള്ള വീടുകളിൽ ഒറ്റക്കുഴി കക്കൂസ് ഉള്ളത് മാറ്റി സെപ്ടിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതി ശുചിത്വ മിഷന്റെ സഹായത്തോടെ നടപ്പാക്കുന്നതിന് തീരുമാനിച്ചു.
- എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും ജലഗുണനിലവാര പരിശോധനാ ലാബ് സ്ഥാപിക്കുന്നതിനും കിണറുള്ള മുഴുവൻ വീടുകളിലെയും ജലഗുണത പരിശോധിക്കുന്നതിനും തീരുമാനിച്ചു.
- കാനാമ്പുഴ മാതൃകയിൽ തോട് സഭ നടത്തി നീർച്ചാലുകളുടെയും പുഴകളുടെയും സംരക്ഷണത്തിന് ബോധവൽക്കരണ പരിപാടി നടപ്പാക്കുന്നതിന് തീരുമാനിച്ചു.
- മഞ്ഞപ്പുഴ-രാമൻപുഴയിലേക്ക് വരുന്ന എല്ലാ നീർച്ചാലുകളെയും മാപത്തോണിൽ രേഖപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിലുള്ള നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.
- ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട് പഞ്ചായത്ത് പുതുതായി നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള മാപ്പിംഗ് പ്രവർത്തം മാർച്ച് 1-ന് ബാലുശ്ശേരി എം.എൽ.എ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

### 13.3 പാറക്വാറി റീചാർജ്ജ്

- കൊല്ലം ജില്ലയിലെ കരീപ്ര പാറക്വാറി റീചാർജ്ജ് വിജയകരമായ സാഹചര്യത്തിൽ പാറക്വാറികളിലെ ജലം റീചാർജ് ചെയ്ത് കൃഷി/കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപെട്ടു 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലകളിലെ വിവിധ പാറക്വാറികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി പുതിയതായി 73 പാറക്വാറികൾ കൂടി കണ്ടെത്തിയിട്ടുണ്ട്. അവസ്ഥ പഠനം നടത്തിയതിനുശേഷം അനുയോജ്യമായ ഇടങ്ങളിൽ കരീപ്ര മോഡൽ പാറക്വാറി റീചാർജ്ജ് പദ്ധതി ആരംഭിക്കുന്നതാണ്.

### 13.4 ഹരിതം ചെറുതാഴം - കണ്ടൽ നടീൽ

കണ്ണൂർ ജില്ലയിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ ഹരിതം ചെറുതാഴം പദ്ധതിയിൽ ഉൾപ്പെടുത്തി വയലപ്ര പരപ്പിൽ കണ്ടൽ തൈകൾ വെച്ച് പിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. വയലപ്ര പരപ്പ് കണ്ടൽ സമൃദ്ധമാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വൈൽഡ്

ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, എസ് ബി ഐ ഫൗണ്ടേഷൻ, ഹരിതകേരളം മിഷൻ, രാമപുരം വായനശാല എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രാന്തൻകണ്ടൽ, എഴുത്താണികണ്ടൽ, പേനകണ്ടൽ എന്നീ വിഭാഗത്തിൽപ്പെട്ട 15,000 കണ്ടലുകളാണ് നട്ടുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വായനശാല പ്രവർത്തകർ, കുഞ്ഞിമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ NSS വളണ്ടിയർമാർ എന്നിവരുമായി ചേർന്നാണ് പദ്ധതി പൂർത്തീകരിക്കുക. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ കണ്ടൽ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുക വഴി പുഴയോരത്തെ കരയിടിച്ചിൽ തടയുക, പുഴയിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുക, ഉപ്പ് വെള്ളം കയറുന്നത് തടയുക, പുഴയെ ശുദ്ധീകരിക്കുക, എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

### 13.5 മുഴക്കുന്ന് - ജൈവ വൈവിദ്ധ്യ സർവേ

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയിൽ ഉൾപെടുത്തി കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് പഞ്ചായത്തിൽ ജൈവ വൈവിദ്ധ്യ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുന്നതിനായി പഞ്ചായത്തിന്റെ അധീനതയിലുള്ള 136 ഏക്കർ സ്വാഭാവിക പച്ചത്തുരുത്തിലെ മരങ്ങൾ, ചെടികൾ, വള്ളികൾ എന്നിവ സർവേ ചെയ്യുന്ന പ്രവൃത്തികൾക്ക് തുടക്കമായി. കണിച്ചാർ പഞ്ചായത്ത് അതിർത്തി മുതൽ ഇരിട്ടി നഗരസഭ അതിർത്തിവരെയുള്ള 136 ഏക്കർ നവകേരളം പച്ചത്തുരുത്തിലെ സ്വാഭാവികമായി വളരുന്ന മുഴുവൻ ജൈവവൈവിധ്യങ്ങളുടെയും കണക്കുകൾ ശേഖരിച്ച് എണ്ണം, ഇനം, ശാസ്ത്രീയ നാമം ഉൾപ്പെടെ ഡിജിറ്റലായി സൂക്ഷിക്കും. കൂടാതെ മലയോര ഹൈവേക്ക് അരികിൽ സോളാർ ബോർഡുകൾ സ്ഥാപിച്ച് ഇവിടെയുള്ള ജൈവവൈവിധ്യങ്ങൾ ഏതൊക്കെയെന്നും അവയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പൊതുജനങ്ങൾക്ക് ആൻഡ്രോയിഡ് ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്ത് ലഭ്യമാവുന്ന ക്യു ആർ കോഡുകളും സ്ഥാപിക്കും. അപൂർവ്വമായ തൈകൾ തുരുത്തിൽ എവിടെയാണെന്ന് ജിപിഎസ് വഴി മൊബൈലിലൂടെ അറിയാൻ കഴിയുന്ന സംവിധാനവും ഏർപ്പെടുത്തും.

### 13.6 ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

പാലക്കാട് ജില്ലാ പഞ്ചായത്ത് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ നാനാ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ തുടർച്ചയായി ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ പരിപാടിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് ഈ പദ്ധതിയുടെ ഭാഗമായി നേതൃത്വം നൽകി. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടി ഈ ജനകീയ പരിപാടി ജില്ലയിൽ വിജയകരമായി പൂർത്തുകരിച്ചു. ശുചീകരണ യജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനം വടക്കഞ്ചേരി മംഗലം ഗായത്രി തീരത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഫെബ്രുവരി 8നു നിർവ്വഹിച്ചു. ഫെബ്രുവരി 8 മുതൽ മാർച്ച് 2 വരെ ശുചീകരണ യജ്ഞം നടത്തിയിരുന്നു. 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2,224 പേർ പങ്കെടുത്തുകൊണ്ട് 33.47 കി.മീ ദൂരം പുഴയോരം 50 ദിവസങ്ങളിലായി ശുചീകരണം നടത്തി, ചെടികൾ വെച്ച് ഭംഗിയാക്കി. ശുചീകരിച്ച സ്ഥലങ്ങളിൽ 4 ഗ്രാമപഞ്ചായത്തുകളിലായി 6 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.

ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജലബന്ധാര നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. ഭാരതപ്പുഴയോരത്ത് കരിമ്പുഴയിൽ ഗോവൻ മാതൃകയിൽ 2 മീറ്റർ ഉയരത്തിൽ ഐ.ഡി.ആർ.ബി.ഡിസൈനുള്ള തടയണ ചെറുകിട ജലസേചന വകുപ്പിന്റെ സഹായത്തോടെ നിർവ്വഹിക്കുന്നതാണ്.

# ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 29.02.2024 വരെ 3,82,138 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.12.2023 വരെ**

| ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,77,276 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 24,447 |
| അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ഫിഷറീസ്) | 26,849 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| **ആകെ** | **3,82,138** |

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം**
**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,54,814
2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 42,098
നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,16,015

റൂഫ് - 19,136
ലിൻറിൽ - 18,725
ബേസ്മെൻറ് - 20,614
നിർമ്മാണം ആരംഭിച്ചവർ - 57,540
**ആകെ - 1,16,015**

| 2023 ജനവരി വരെ | 2024 ഫെബ്രുവരി മാസം | 2024 ഫെബ്രുവരി വരെ |
|---|---|---|
| **3,74,508** | **7,630** | **3,82,138** |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,342
വീടും സ്ഥലവും വേണ്ടവർ - 7,018
**ആകെ - 15,360**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,699 പേരിൽ 1,124 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | **5,65,708** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ഫെബ്രുവരി വരെ 84,482 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 8950 |
| കൊല്ലം | 33675 | 6497 |
| പത്തനംതിട്ട | 10399 | 4181 |
| ആലപ്പുഴ | 30512 | 6762 |
| കോട്ടയം | 17394 | 4629 |
| ഇടുക്കി | 26299 | 2173 |
| എറണാകുളം | 23345 | 5731 |
| തൃശ്ശൂർ | 27916 | 6231 |
| പാലക്കാട് | 57949 | 6779 |
| മലപ്പുറം | 33631 | 16758 |
| കോഴിക്കോട് | 20894 | 6352 |
| വയനാട് | 17322 | 1943 |
| കണ്ണൂർ | 12236 | 4297 |
| കാസർഗോഡ് | 14450 | 3199 |
| **ആകെ** | **369262** | **84,482** |

| 2023 ജനുവരി വരെ | 2024 ഫെബ്രുവരി മാസം | 2024 ഫെബ്രുവരി വരെ |
|---|---|---|
| **84,062** | **420** | **84,482** |

**മനസ്സോടിത്തിരി മണ്ണ്** - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ഫെബ്രുവരി മാസം വരെ 3016.738 സെന്റ് (30.16738 ഏക്കർ) ഭൂമി ലൈഫ് മിഷൻ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1588.072 സെന്റ് (15.88072 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി** - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി** - 27 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമ്മപദ്ധതി II വിദ്യാകിരണം മിഷന്റെ ഭാഗമായി കിഫ്ബി, പ്ലാൻഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. ഇതിന്റെ ഭാഗമായി പുതുതായി നിർമ്മിച്ച 68സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടന്നു. ഇതിൽ കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെയുള്ള 2 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ധനസഹായത്തോടെ 3 സ്കൂൾ കെട്ടിടങ്ങളും 1 കോടി കിഫ്ബി ധനസഹായത്തോടെ 26സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 37 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടും. കൂടാതെ 33 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടലും ഇതോടൊപ്പം നിർവ്വഹിച്ചു.

മുഖ്യമന്ത്രിയുടെ സംസ്ഥാനതല ഉദ്ഘാടനത്തെത്തുടർന്ന് അതത് ഇടങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മന്ദിരോദ്ഘാടനങ്ങളും, തറക്കല്ലിടീലും പൂർത്തിയാക്കി. ഓരോ ജില്ലകളിലും മന്ത്രിമാർ, വിദ്യാഭ്യാസ ഏജൻസികളിലെ വിവിധ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വമ്പിച്ച സാമൂഹിക പങ്കാളിത്തത്തോടെയും പ്രചരണ പ്രവർത്തനങ്ങളോടെയും ജനശ്രദ്ധ ആകർഷിച്ചു കൊണ്ടാണ് പ്രസ്തുത പരിപാടികൾ നടന്നത്.

## അക്കാദമിക പ്രവർത്തനങ്ങൾ

### 1. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി

അടുത്ത മൂന്ന് വർഷം കൊണ്ട് ഏഴുവരെയുള്ള പ്രൈമറി ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുക എന്നതാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യം.

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 1, 2, 3, 4 ക്ലാസുകളിലെ ഭാഷാ, ഗണിതം എന്നീ വിഷയങ്ങളിൽ 112 സ്കൂളുകളിലെ കുട്ടികളിൽ അവസ്ഥാപഠനം നടത്തുകയുണ്ടായി. അവസ്ഥാപഠനത്തിന്റെ അടിസ്ഥാനത്തിൽ ബി ആർ സികളിൽ നിന്ന് ട്രെയിനർമാരുടേയും സി.ആർ.സി.സി.മാരുടേയും യോഗം നടത്തി വിവിധ പാക്കേജുകൾ തയ്യാറാക്കി അവതരിപ്പിച്ചു.

### 2. ശിശു സൗഹൃദ ഗണിത ശാസ്ത്രപഠനം - മഞ്ചാടി

കുട്ടികൾക്ക് ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനായി കെ ഡിസ്കുമായി സഹകരിച്ച് മഞ്ചാടി എന്ന പദ്ധതി 72 സ്കൂളുകളിലും 28 എംആർഎസുകളിലും ആരംഭിച്ചു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നടന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- ❖ പത്തനംതിട്ട-പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര എം.ആർ.എസിലാണ് മഞ്ചാടി പ്രവർത്തനം നടക്കുന്നത്. 5-ാം ക്ലാസിലെ 20 കുട്ടികൾക്കാണ് മഞ്ചാടി പദ്ധതി പ്രയോജനപ്പെടുത്തിയത്. പ്രവർത്തനം ഫെബ്രുവരി മാസത്തോടെ വിജയകരമായി പൂർത്തീകരിച്ചു. കുട്ടികൾക്ക് വളരെ ഉപകാരപ്രദമായിരുന്നു.
- ❖ ഇടുക്കി-ഇടുക്കി ജില്ലയിലെ ശിശുസൗഹൃദ ഗണിത ശാസ്ത്ര പഠന പദ്ധതിയായ മഞ്ചാടി പീരുമേട്, മൂന്നാർ എം.ആർ.എസ് കളിൽ നടന്നു വരുന്നു. കെ ഡിസ്കിന്റെ ഭാഗമായി പൈനാവ് എം.ആർ.എസിലും ഈ പദ്ധതി ആറാം ക്ലാസ്സ് മുതൽ നടപ്പിലാക്കി വരുന്നുണ്ട്.
- ❖ വയനാട്- വയനാട് ജില്ലയിലെ 5 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലാണ് മഞ്ചാടി പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതിയിൽ ഉൾപ്പെട്ട അഞ്ചാം ക്ലാസിലെ കുട്ടികൾക്ക് ഭിന്നസംഖ്യ പഠന പദ്ധതിയുടെ രണ്ടാംഘട്ടം 2024 ജനുവരി ഫെബ്രുവരി മാസങ്ങളിൽ നടപ്പാക്കി. ഇതിന്റെ ഭാഗമായി അഞ്ചാം ക്ലാസിൽ ഗണിതം പഠിപ്പിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഓരോ അധ്യാപകർക്കും ബന്ധപ്പെട്ട ബിആർസികളിലെ ഓരോ ട്രെയിനർ/സി.ആർ.സി.സി.മാർ, മഞ്ചാടി പദ്ധതിയുടെ പ്രോഗ്രാം കോർഡിനേറ്റർമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി.
- ❖ കോഴിക്കോട് - കോഴിക്കോട് ജില്ലയിൽ 43 സ്കൂളുകളിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കി. . മഞ്ചാടി പരിപാടിയുടെ ഇടക്കാല അവലോകനത്തിൽ ബി.ആർ.സി തലത്തിലും, ടീച്ചർമാർക്കിടയിലും വളരെ നല്ല പ്രതികരണമാണ് ലഭ്യമായത്. ഈ പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ എല്ലാ

സ്കൂളുകളിലും ടീച്ചർമാർക്ക് നല്ല രീതിയിൽ പൂർത്തികരിക്കാൻ സാധിച്ചു. ചില സ്ഥലങ്ങളിൽ കലാമേള, കായികമേള, ശാസ്ത്രമേള തുടങ്ങിയ പരിപാടികൾ ഉണ്ടായിരുന്നത് കൊണ്ട് നിശ്ചയിച്ച ദിവസങ്ങളിൽ ഭിന്നസംഖ്യാ ക്ലാസുകൾ ലഭ്യമായിരുന്നില്ല. ഇത്തരം ചില വെല്ലുവിളികൾ മാറ്റി നിർത്തിയാൽ ക്ലാസ് മുറികളിൽ വളരെ സന്തോഷത്തോടു കൂടി പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നല്ല രീതിയിൽ തന്നെ അവരുടെ അടിസ്ഥാന ഭിന്നസംഖ്യാധാരണ ഉറപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

**3. ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം**

കുട്ടികളിൽ ശുചിത്വ ശീലവും ശുചിത്വബോധവും ഉളവാക്കാനും അത് ജീവിത മൂല്യങ്ങൾ ആക്കി മാറ്റാനും സഹായകമായ ക്യാമ്പയിൻ ആണ് ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പദ്ധതി. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അടുത്ത അക്കാദമിക വർഷാരംഭത്തോടെ പദ്ധതി പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്നതാണ്. നിലവിൽ ഹരിതകേരളം മിഷനുമായി സഹകരിച്ച് ജില്ലകളിലെ സാധ്യമായ വിദ്യാലയങ്ങളിലെല്ലാം പദ്ധതി ആരംഭിച്ചിട്ടുണ്ട്. 'നെറ്റ് സീറോ കാർബൺ' പദ്ധതി, 'പച്ചത്തുരുത്ത്' പദ്ധതി എന്നിവയെല്ലാം സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

**4. ജലഗുണതാപരിശോധന ലാബുകൾ**

ഹരിതകേരളം മിഷനുമായി ചേർന്ന് വിദ്യാലയങ്ങളിൽ ജലഗുണതാ പരിശോധന ലാബുകൾ 207എണ്ണം സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലെ NSS യൂണിറ്റുകളുടെ സഹകരണത്തോടെ 500 ടെസ്റ്റുകളെങ്കിലും ഒരു സ്കൂളിൽ നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**5. വർണക്കൂടാരം**

ശാസ്ത്രീയമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ പ്രവർത്തന ഇടങ്ങളോടുകൂടിയ ശിശുസൗഹൃദ പ്രീ-സ്കൂളുകൾ യാഥാർത്ഥ്യമാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് വർണക്കൂടാരം.

പ്രീപ്രൈമറി സ്കൂളുകളുടെ ഭൗതിക സാഹചര്യം വർണ്ണാഭമാക്കുന്നതിന് പ്രവർത്തന ഇടങ്ങളും ശിശുസൗഹൃദ ഫർണിച്ചറുകളും ഒരുക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

- പത്തനംതിട്ട - പത്തനംതിട്ട ജില്ലയിൽ നടപ്പുവർഷം വർണകൂടാരം 13 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. 5 സ്കൂളുകളിൽ നിർമ്മാണം ആരംഭിച്ചു.
- ഇടുക്കി- ഇടുക്കി ജില്ലയിൽ 45 അംഗീകൃത സർക്കാർ പ്രീ-സ്കൂളുകളിൽ 10 ലക്ഷം രൂപ വീതം അനുവദിക്കുകയും, അവ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുള്ളതാണ്. 9 പ്രീ-സ്കൂളുകളിൽ കൂടി വർണ്ണകൂടാരത്തിന്റെ ഭാഗമായി ടി പദ്ധതി നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ളതാണ്.
- എറണാകുളം - എറണാകുളം ജില്ലയിൽ 99 പ്രീപ്രൈമറി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.
- വയനാട്- വയനാട് ജില്ലയിൽ 30 വിദ്യാലയങ്ങളിൽ ഈ വർഷം പദ്ധതി നടപ്പാക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായ രീതിയിൽ ഫണ്ട് വിനിയോഗിക്കുന്നതിനായി പ്രധാനാധ്യാപകർ, പിടിഎ പ്രസിഡന്റുമാർ എന്നിവർക്ക് പുറമേ പ്രീ-പ്രൈമറി അധ്യാപകർ, നിർവഹണ ചുമതലയുള്ള അധ്യാപകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകി. ഓരോ സ്കൂളുകളും പ്രൊപ്പോസൽ തയ്യാറാക്കി മുൻകൂർ അനുമതി വാങ്ങിയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും പുരോഗമിക്കുന്നു.
- കോഴിക്കോട് - കോഴിക്കോട് ജില്ലയിൽ പ്രീ സ്കൂൾ പ്രവർത്തനങ്ങൾ ശാസ്ത്രീയമാക്കാൻ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് 31 സ്കൂളുകൾ തിരഞ്ഞെടുത്തു. എല്ലാ സ്കൂളുകൾക്കും പ്രത്യേക പരിശീലനം നൽകി. പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കി. പ്രോജക്ട് റിപ്പോർട്ട് വിദഗ്ധ സമിതി അംഗീകരിച്ച് അതിനനുസൃതമായി പ്രവൃത്തി നടത്താനും ബി.ആർ.സികൾ മോണിറ്ററിംഗ് നടത്താനും. നിർദ്ദേശം നൽകിയിട്ടുണ്ട്.
- കണ്ണൂർ - കണ്ണൂർ ജില്ലയിൽ കൊടുവള്ളി ഹയർസെക്കണ്ടറി സ്കൂളിൽ നിർമ്മിച്ച പ്രീ പ്രൈമറി

വർണ്ണക്കൂടാരം സ്പീക്കർ എ എൻ ഷംസീറിന്റെ അധ്യക്ഷതയിൽ ഗതാഗതവകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. 2022-23 വർഷത്തിൽ വർണ്ണക്കൂടാരം പദ്ധതിയിൽ അനുവദിച്ച 21 സ്കൂളുകളിൽ 20 എണ്ണം പ്രവർത്തനം പൂർത്തീകരിച്ച് ഉദ്ഘാടനം നടന്നു. ബാക്കിയുള്ള ഒരു സ്കൂളിൽ മാർച്ച് 10 നകം ഉദ്ഘാടനം നടക്കും. 2023-24 വർഷത്തിൽ 21 സ്കൂളുകളിൽ അനുവദിച്ചതിൽ 21 എണ്ണത്തിലും നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

**തനതു പ്രവർത്തനങ്ങൾ**

**ബഡ്ഡിംഗ് റൈറ്റേഴ്സ് ശില്പശാല**

- കൊല്ലം ജില്ലയിൽ യുപി, എച്ച്.എസ്., എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്കായി (എഴുത്ത് മുകുളങ്ങൾ) ശില്പശാലകൾ സംഘടിപ്പിച്ചു. പുതിയ എഴുത്തുകാരെ കണ്ടെത്തുവാനും രൂപപ്പെടുത്തുവാനും ലക്ഷ്യമിട്ട് എല്ലാ ഉപജില്ലകളിലും നടന്ന ശില്പശാലകൾ വളരെ ഫലപ്രദമായിരുന്നു.
- കോട്ടയം ജില്ലയിൽ ഓട്ടിസം സെന്റർ ആരംഭിച്ചു. കോട്ടയം ഈസ്റ്റ് ബി ആർ സിയിൽ പാരഗൺ പ്രൈവറ്റ് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ മുതൽമുടക്കുള്ള പുതിയ ഓട്ടിസം സെന്ററിന്റെ നിമ്മാണം ആരംഭിച്ചു. കോട്ടയം വെസ്റ്റ് ബി.ആർ.സിയിലും പുതിയ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കുറവിലങ്ങാട് ബി.ആർ.സിയിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാമ്പാടി ബി.ആർ.സിയുടെ കീഴിൽ ജി.യു.പി.എസ്.മണർകാടിൽ ഓട്ടിസം സെന്റർ നിർമാണം പുരോഗമിക്കുന്നു.
- എറണാകുളം ജില്ലയിൽ പൊതുവിദ്യാലയങ്ങളിലെ 8ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് അവരുടെ തൊഴിൽ മേഖല തിരിച്ചറിയാനുള്ള അഭിരുചി പരീക്ഷയായ സൈക്കോമെട്രിക് ടെസ്റ്റ് LEAP, ASAPന്റെ സഹായത്തോടെ നടന്നു വരുന്നു.

**സയൻസ് ഫെസ്റ്റ് സയൻസ് ക്വിസ്**

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും കുട്ടികളിൽ നിന്നും ക്ഷണിച്ച ശാസ്ത്ര പ്രോജക്ടുകളുടെ അവതരണവും സയൻസ് ക്വിസും ഉപജില്ലാതലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു. ശാസ്ത്രതാൽപര്യം കുട്ടികളിൽ വളർത്താൻ ഈ പരിപാടിക്ക് വലിയ തോതിൽ കഴിഞ്ഞിട്ടുണ്ട്.

**ആട്ടവും പാട്ടും** - പ്രീസ്കൂൾ പാഠ്യപദ്ധതിയെ ആധാരമാക്കി ഭാഷാ-ഗണിത പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി മ്യൂസിക് ആൻഡ് മൂവ്മെൻറ് ഏരിയ അരങ്ങ്, ഭാഷാ വികസന ഇടം തുടങ്ങിയ പ്രവർത്തനയിടങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി "ആട്ടവും പാട്ടും' എന്ന ഉത്സവം പ്രീസ്കൂൾ അവതരിപ്പിക്കുകയാണ്. കുട്ടികളുടെ വായനശേഷി പരിപോഷിപ്പിക്കുന്നതിനും ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും വികസന മേഖലകളെയും ബഹുമുഖ ബുദ്ധിയേയും പരിഗണിച്ചുകൊണ്ട് ആട്ടവും പാട്ടും എന്നയിടം പ്രീപ്രൈമറികൾ സജ്ജീകരിക്കുന്നതിനും സംഗീതം താളാത്മക ചലനം. ഇവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രോഗ്രാമാണ് ആട്ടവും പാട്ടും. പ്രീസ്കൂൾ ടീച്ചർമാർക്കും സി ആർ സി സി മാർക്കും ജില്ലയിൽ പ്രത്യേക ക്ലാസുകൾ നടന്നിരുന്നു. പ്രീസ്കൂൾ തലത്തിൽ സംഘടിപ്പിക്കാൻ പോകുന്ന ആട്ടവും പാട്ടും എന്ന പ്രോഗ്രാമിന്റെ ഡിആർജി പരിശീലനം വിവിധ കേന്ദ്രങ്ങളിലായി സംഘടിപ്പിച്ചു. മാർച്ച് മാസത്തിൽ സ്കൂളുകളിൽ നടപ്പിലാക്കുന്ന തിനാണ് ഉദ്ദേശിക്കുന്നത്.

**ഭിന്നശേഷിക്കാർക്കായി സംഘടിപ്പിക്കപ്പെട്ട പ്രത്യേക പരിപാടി - ഇൻക്ലൂസീവ് കായികോത്സവം**

പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റ് കുട്ടികൾക്കൊപ്പം കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കാൻ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇൻക്ലൂസീവ് കായികോത്സവം മുഴുവൻ ജില്ലകളിലെ ബി.ആർ.സികളിൽ നടന്നു. സംസ്ഥാനതലത്തിൽ നടത്തുന്ന കായികയോത്സവത്തിലേക്കുള്ള സെലക്ഷൻ, രാജ്യാന്തരതലത്തിൽ നടത്തുന്ന പാരാലിംബിക്സ്. ഡോർഫ് ഗെയിംസ്, സ്പെഷ്യൽ ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികളെ

സജ്ജരാക്കുക എന്നിവയാണ് ഇൻക്ലൂസീവ് കായികോത്സവം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

- ❖ എറണാകുളം ജില്ലയിൽ കോതമംഗലത്തു വച്ച് സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഇൻക്ലൂസിവ് കായികോത്സവം 2024 ഫെബ്രുവരി 25, 26 തീയതികളിലായി നടന്നു. 11 ഇനങ്ങളിലായി 37 കുട്ടികളാണ് പെരുമ്പാവൂർ ബി.ആർ.സിയിൽ നിന്ന് പങ്കെടുത്തത്.
- ❖ കോഴിക്കോട് ജില്ലയിൽ ഫുട്ബോൾ, ക്രിക്കറ്റ്, ഹാൻഡ്ബോൾ അത്ലറ്റിക് ഇനങ്ങളിൽ മത്സരം നടന്നു. ബി.ആർ.സി കളിൽ നിന്ന് തിരഞ്ഞെടുത്ത ടീമുകൾ മേഖലാതല മത്സരങ്ങളിൽ മാറ്റുരച്ചു. മേഖലാവിജയികൾക്കായി ജില്ലാതല കായികോത്സവങ്ങൾ നടന്നു.
- ❖ മലപ്പുറം ജില്ലയിൽ ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഇൻക്ലൂസിവ് കായിക ഉത്സവം കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ വച്ച് 2024 ഫെബ്രുവരി 13,14 തീയതികളിൽ സംഘടിപ്പിച്ചു.

**ജില്ലാതല ശാസ്ത്ര സഹവാസ ക്യാമ്പും, ശാസ്ത്ര പഠന യാത്രയും**

ബി.ആർ. സി തലങ്ങളിൽ സയൻസ് ഫെസ്റ്റ്, ക്വിസ് ഇനങ്ങളിലായി മികവ്' തെളിയിച്ച മൂന്ന് കുട്ടികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് ഇടുക്കി ജില്ലയിൽ രണ്ട് ദിവസത്തെ സഹവാസ ക്യാമ്പും പഠനയാത്രയും സംഘടിപ്പിച്ചു.

- ❖ പാലക്കാട് ജില്ലയിൽ ജില്ലാതല ശാസ്ത്ര സഹവാസ ക്യാമ്പും പഠനയാത്രയും സംഘടിപ്പിച്ചു. 6, 7 ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 34 വിദ്യാർത്ഥികൾ പങ്കെടുത്തു. ശാസ്ത്രനാടകങ്ങളുടെ അവതരണങ്ങളിൽ തുടങ്ങി മലമ്പുഴ കാർഷിക ഗവേഷണ കേന്ദ്രം സന്ദർശനവും, മലമ്പുഴ ജൈവവൈവിധ്യ കേന്ദ്രങ്ങളെ പഠനാനുഭവങ്ങളാക്കി കുട്ടികളുടെ നിഗമനങ്ങളും, വിലയിരുത്തലുകളും അഭിപ്രായങ്ങളും പ്രൊജക്ടുകളായി അവതരിപ്പിച്ച സെഷനുകൾ ഉണ്ടായിരുന്നു. YIP ശാസ്ത്രപഥം സംസ്ഥാന വിജയി ശ്രീ.അഭിനവ് കുട്ടികളുമായി ശാസ്ത്രലോകത്തെ മുൻനിർത്തി സംവാദം നടത്തി, ക്യാമ്പ് അംഗങ്ങൾക്ക് ഒരു ജോഡി പച്ചക്കറി തൈകളും പോർട്ടിംഗ് മിക്സ്ചർ അനുപാതത്തിലാക്കിയതും വിതരണം ചെയ്തു. ലഘുപരീക്ഷണങ്ങളുമായി ബന്ധപ്പെട്ട സെഷനുകളും ഉണ്ടായിരുന്നു. ശാസ്ത്രപഠനത്തിൽ നേരനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെ അഭിലഷണീയമായ മാറ്റം കുട്ടികളിൽ ഉണ്ടാകുമെന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു. സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിലാണ് സഹവാസ ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്.
- ❖ എറണാകുളം ജില്ലയിൽ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ യു.പി. വിഭാഗം കുട്ടികൾക്കായി ദ്വിദിന സഹവാസ ക്യാമ്പ് 2024 മാർച്ച് 1, 2 തീയതികളിൽ നടന്നു. ജില്ലയിലെ വിവിധ ബി.ആർസികളിൽ നിന്ന് 40 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ISRO മുൻ ശാസ്ത്രജ്ഞൻ ശ്രീ. രാമചന്ദ്രനുമായി കുട്ടികൾ സംവദിച്ചു. അതിനുശേഷം ഹരിതകർമ്മസേനയുടെ കീഴിലുള്ള പച്ചക്കറിത്തോട്ടം കുട്ടികൾ സന്ദർശിച്ചു. ജൈവമാലിന്യം എങ്ങനെ ഫലപ്രദമായി വളമാക്കി മാറ്റി കൃഷി ചെയ്യാം എന്നതിനെക്കുറിച്ച് കുട്ടികൾ ധാരണ നൽകി. തുടർന്ന് കുട്ടികൾക്കായി ശാത്രനാടകം അവതരിപ്പിച്ചു. കുട്ടികളും അവതരണത്തിൽ പങ്കാളികളായി. കുസാറ്റ് സയൻസ് പാർക്കിലേക്ക് കുട്ടികളുമായി പഠനയാത്ര നടത്തി.
- ❖ **പഠനോത്സവം** - ഇടുക്കി ജില്ലയിലെ എൽ.പി, യു.പി വിഭാഗങ്ങളിലായി സ്കൂളുകളിൽ പഠനോത്സവങ്ങൾ പൂർത്തിയായി വരുന്നു. ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും ആകർഷണീയമായ രീതിയിൽ പൊതുജനപങ്കാളിത്തത്തോടെ പഠനോത്സവം സംഘടിപ്പിക്കുവാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുവാൻ സ്കൂളുകൾ ശ്രദ്ധിക്കുന്നുണ്ട്. നിലവിൽ 37 സ്കൂളുകളിൽ പഠനോത്സവം നടത്തിയിട്ടുണ്ട്.

**ലഹരിവിമുക്ത നവകേരളം പദ്ധതി**

വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന 'ലഹരി വിമുക്ത നവകേരളം' പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും ജാഗ്രത സമിതികളുടെയും നേതൃത്വത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ജില്ലാതല പ്രദർശനം 22-02-24 ന് സുൽത്താൻ ബത്തേരി സർവ്വജന ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ചു.

കൂടാതെ ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര പ്രദർശനവും വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ സംയുക്തപ്രവർത്തനം എന്ന രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി ലഹരിവിരുദ്ധ ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുള്ള 10 വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും നോഡൽ അധ്യാപകരും പരിപാടികൾക്ക് നേതൃത്വം നൽകി.

**സ്കിൽ ഡെവലപ്മെന്റ് സെന്റർ - ജില്ലാതല ഉദ്ഘാടനം**

വിദ്യാർഥികൾക്ക് തങ്ങളുടെ അഭിരുചിക്കും വൈദഗ്ധ്യത്തിനും അനുഗുണമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് STARS പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടെയും സംയുക്താഭിമുഖ്യത്തിൽ പൊതുവിദ്യാലയങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ കൽപ്പറ്റ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലയിലെ ആദ്യ സ്കിൽ ഡെവലപ്മെന്റ് സെന്ററിന് തുടക്കമായി. ടൂറിസം സെക്ടറിൽ വരുന്ന ഫുഡ് ആന്റ് ബീവറേജസ് സർവീസ് അസോസിയേറ്റ്, അഗ്രികൾച്ചർ സെക്ടറിൽ വരുന്ന ഹൈഡ്രോപോണിക്സ് ടെക്നീഷ്യൻ എന്നീ കോഴ്സുകളാണ് ആരംഭിക്കുന്നത്.

**മറ്റ് പരിപാടികൾ**

23/01/2024ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുന്ന ഒരു ലഘുലേഖ തയ്യാറാക്കാനും സമഗ്ര ഗുണമേന്മ പദ്ധതി ആവിഷ്ക്കരിച്ചതിന്റെ ഭാഗമായി കുട്ടികളിൽ ഉണ്ടായ മാറ്റങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടേയും അക്കാദമിക സമൂഹത്തിന്റേയും മുന്നിൽ അവതരിപ്പിക്കാൻ സഹയാകമായ ഒരു പുസ്തകം തയ്യാറാക്കാനും തീരുമാനിച്ചതനുസരിച്ച് ക്രിയേറ്റീവ് ശില്പശാലകൾ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**ഒന്നാന്തരം മലയാളം**

സമഗ്രഗുണതാ പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ്സിൽ കുട്ടികളുടെ ഭാഷാവികാസം സംബന്ധിച്ച അനുഭവങ്ങൾ ക്രോഡീകരിച്ച് 'ഒന്നാന്തരം മലയാളം' എന്ന പുസ്തകത്തിന്റെ കരട് രണ്ട് ക്രിയേറ്റീവ് ശില്പശാലകളിലൂടെ വികസിപ്പിച്ചു.

വിദ്യാകിരണം മിഷൻ നിലവിൽ വന്ന ശേഷം വിദ്യാഭ്യാസ രംഗത്ത് നടന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും ജനങ്ങളിലേക്കെത്തിക്കാനും സഹായകമായ മെറ്റീരിയൽ ഡെവലപ്മെന്റ് ശില്പശാല 2024 ഫെബ്രുവരി 20-23 തീയതികളിലായി തിരുവനന്തപുരത്ത് നടന്നു.

കാസർഗോഡ് ജില്ലയിൽ പാഠ്യപദ്ധതി പരിഷ്ക്കരണവും ജ്ഞാനസമൂഹവും എന്ന വിഷയത്തിൽ വിപുലമായ ജില്ലതല വിദ്യാഭ്യാസ സെമിനാർ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു. 'ലിറ്റിൽ തിയേറ്റർ' എന്ന പേരിൽ ഭിന്നശേഷി കുട്ടികളേയും രക്ഷിതാക്കളേയും ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല സംഘടിപ്പിച്ചു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 0 | 5 |
| **ആകെ** | **43** | **12 (28%)** | **19** |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 48 (63%) | 13 |
| രണ്ടാം ഘട്ടം | 75 | 8 (10%) | 22 |
| **ആകെ** | **151** | **56 (37%)** | **35** |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 429 (85%) | 21 |
| മൂന്നാം ഘട്ടം | 212 | 68 (32%) | 41 |
| **ആകെ** | **886** | **663 (75%)** | **63** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/02/24 മുതൽ 29/02/24 വരെ 31,853 (0.18%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 2,147 (6.7%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 3,711 (11.6%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 156 (0.5%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 535 (1.7%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 2,588 (8%) പേരുടേയും പ്രമേഹം മാത്രമുള്ള 2,045 (6%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 777 (2.5%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. സർവേ വഴി ജീവിതശൈലീ രോഗസാദ്ധ്യത കണ്ടെത്തിയത് ആകെ 27,89,976 പേർക്കാണ്. ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീൻ ചെയതവരിൽ 01/02/24 മുതൽ 29/02/24 വരെ പുതിയതായി 41,897 (ആകെ പരിശോധിച്ചവരിൽ 30%) പേർക്ക് രക്താതിമർദ്ദവും 3,906 (ആകെ പരിശോധിച്ചവരിൽ 2.9%) പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

- ❖ ഒന്നാം ഘട്ട വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയും പത്തനംതിട്ട ജില്ലയും മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവ്വേ പൂർത്തിയാക്കി.
- ❖ വാർഷികാരോഗ്യ പരിശോധനാ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പബ്ലിക് ഹെൽത്ത് ഡിവിഷൻ, ആർദ്രം മിഷൻ, ടിബി ഡിവിഷൻ, ഇഹെൽത്ത് പ്രോജക്റ്റ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് രണ്ട് ശില്പശാലകൾ നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.
- ❖ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടത്തിന്റെ (ശൈലി 2.0) ലോഞ്ചിംഗ് ഫെബ്രുവരി 15 ന് ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിച്ചു.
- ❖ രണ്ടാം ഘട്ട സർവ്വേയുടെ ഭാഗമായുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസിക രോഗം, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്താനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ❖ രണ്ടാം ഘട്ട സർവ്വേ 2024 മാർച്ച് മാസം അവസാനത്തോടുകൂടി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായുള്ള വിവിധ ശിൽപശാലകളും പരിശീലന പരിപാടികളും പുരോഗമിക്കുന്നു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ, 01/02/24 മുതൽ 29/02/24 വരെ 31,853 (0.18%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 5,288 (7.4%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.
- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ചു ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ചു ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.
- ❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ വഴി ഫെബ്രുവരി മാസത്തിൽ 980 വ്യക്തികളുടെ കൂടി പരിശോധന പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന പരിശോധനകളുടെ എണ്ണം 48,123 ആയി.
- ❖ ക്യാൻസർ പോർട്ടലിൽ കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കി. ഇതുമായി ബന്ധപ്പെട്ട് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയും ചികിത്സയും വിധേയമാക്കാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

### 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- ❖ എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും (ഇടുക്കി, വയനാട്, പാലക്കാട് ജില്ലകൾ ഒഴികെ) ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR പരിശോധന, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- ❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും കോട്ടയം ജില്ലയിൽ എഎംആർ, കാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശ്ശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും ഇതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു.
- ❖ ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.
- ❖ ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.
- ❖ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന്റെ

ഭാഗമായി നിലവിൽ ലാബുകളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ ലാബുകൾ ആരംഭിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളിൽ ലാബ് സേവനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ നിരവധി യോഗങ്ങൾ നടത്തി.

- ❖ ഇതോടൊപ്പം സ്റ്റേറ്റ്/റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ് ഫണ്ടും, ലാബ് മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ ഡിപാർട്ട്മെന്റിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി.യിലും എം.സി.സി.യിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിക്കുവാൻ തീരുമാനമായി. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭ്യമാക്കുവാൻ സാധിക്കും.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായുള്ള കണക്ക് പ്രകാരം 01/02/24 മുതൽ 29/02/24 വരെ 31,853 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ, 231 കിടപ്പുരോഗികളും 322 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 7,160 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് നടപ്പിലാക്കുന്നത്.
- ❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- ❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- ❖ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ❖ ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് - ആർ.കെ.ഐ

ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.

- ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പുറത്തിറക്കി.
- മുമ്പ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികൾക്കുള്ള മാർഗരേഖ പുറത്തിറക്കിയിരുന്നു. ഇതുകൂടാതെയാണ് സംസ്ഥാനത്ത് ആദ്യമായി ജില്ലാതല എ.എം.ആർ. കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പുറത്തിറക്കുന്നത്.
- എറണാകുളം ജില്ല ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കിയതോടെ ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) ഭാഗമായി ശക്തിപ്പെടുത്തിയ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ രാജ്യത്തെ ആദ്യത്തെ ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കുന്ന സംസ്ഥാനമായി കേരളം മാറി. എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും നേരത്തെ തന്നെ രൂപീകരിച്ചിരുന്ന എ.എം.ആർ. കമ്മിറ്റികളുടെ പ്രവർത്തനഫലമായാണ് എറണാകുളം ജില്ലയിൽ ഇത് സാധ്യമായത്.
- കാർസാപ്പ് അവലോകന യോഗത്തിൽ ജില്ലാതല ആന്റിബയോഗ്രാമിനോടൊപ്പം ലോക എ.എം.ആർ. അവബോധ വാരാചരണത്തോടനുബന്ധിച്ചും ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായും കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച കൊണ്ടുള്ള പുസ്തകവും പുറത്തിറക്കി.
- കൂടുതൽ ആശുപത്രികളെ കാർസ്നെറ്റ് ശൃംഖലയിലേക്കും ആന്റിബയോട്ടിക് സ്മാർട്ടിലേക്കും മാറ്റിയിട്ടുണ്ട്.
- സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടിയെടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെന്റർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് ആരംഭിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ "പാഠം ഒന്ന് ഒച്ച്" എന്ന ക്യാമ്പയിൻ നടത്തി.
- മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻറർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി, 2023 ഒക്ടോബറിൽ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തുടർച്ചയായ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.

- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- ❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സ്ക്രീനിംഗ്, വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 84 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 34 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 47 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 3 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.

- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- സംസ്ഥാനത്ത് ഗവേഷണവുമായി ബന്ധപ്പെട്ട് ഗവേഷണ പോളിസി രൂപീകരിക്കുവാൻ തീരുമാനമായി. ഗവേഷണത്തിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വേഗത്തിൽ അനുമതി ലഭ്യമാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് ഗവേഷണ നയം രൂപീകരിക്കുന്നത്.
- IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ് ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
- നിലവിൽ 3 ഗവേഷണ രൂപരേഖകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) അംഗീകാരം നേടിയിട്ടുണ്ട്. നിലവിൽ പുറത്തു നിന്നുള്ള 4 ഗവേഷണങ്ങൾക്ക് SHSRC ഫണ്ട് ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി (KSACS) സഹകരിച്ച് 4 ഗവേഷണങ്ങളും നാഷണൽ ഹെൽത്ത് മിഷനുമായി (NHM) സഹകരിച്ച് ഒരു ഗവേഷണവും പൂർത്തിയാക്കി.
- SHSRCയുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers)കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- SHSRCയുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- ജനുവരി - ഫെബ്രുവരി മാസത്തെ ജില്ലാ കളക്ടർമാറുടെ അവലോകന യോഗം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 55 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- ഫെബ്രുവരി മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 2 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ഫെബ്രുവരി മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 731 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1643 യോഗങ്ങൾ ഫെബ്രുവരി മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 425 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 487 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 118 യോഗങ്ങളും, ജല ബജറ്റിനായി 82 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 156 യോഗങ്ങളും, പച്ചത്തുരുത്തിനായി 77 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 47 ജില്ലാ തല യോഗങ്ങളും 147 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 916 തദ്ദേശ സ്വയംഭരണ യോഗങ്ങളും 533 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 5217 ജനപ്രതിനിധികളും 8361 ഉദ്യോഗസ്ഥരും, 16094 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 29672 പേർ ഫെബ്രുവരി മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 96 ശില്പശാലകൾ നടത്തുകയും ആയതിൽ 5123 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 49 പരിശീലനങ്ങൾ ഫെബ്രുവരി മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 2522 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ 2521 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 12058 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഫെബ്രുവരി മാസത്തിലെ പ്രവർത്തനം | | | | | | | | | | | | | | | | |
| സ്കീം/ പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 1 | 0 | 0 | 0 | 0 | 1 | 0 | 4 | 0 | 4 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ മിഷൻ യോഗം | 2 | 0 | 0 | 0 | 0 | 2 | 5 | 33 | 6 | 44 | 0 | 0 | 0 | 0 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 0 | 4 | 4 | 0 | 0 | 8 | 51 | 63 | 181 | 295 | 0 | 0 | 0 | 0 | 4 | 59 |
| മാലിന്യ സംസ്കരണം | 24 | 102 | 272 | 26 | 63 | 487 | 1985 | 2478 | 7019 | 11482 | 56 | 2883 | 11 | 699 | 387 | 2828 |
| ഹരിത വിദ്യാലയം | 0 | 0 | 28 | 5 | 85 | 118 | 117 | 567 | 1978 | 2662 | 5 | 185 | 10 | 783 | 262 | 654 |
| ഹരിത ഓഫീസ് | 1 | 5 | 122 | 18 | 279 | 425 | 389 | 1450 | 609 | 2448 | 2 | 54 | 5 | 169 | 845 | 1472 |
| ഹരിത ടൂറിസം | 1 | 3 | 19 | 1 | 2 | 26 | 150 | 144 | 102 | 396 | 0 | 0 | 0 | 0 | 31 | 158 |
| മാപത്തോൺ | 0 | 0 | 46 | 2 | 2 | 50 | 415 | 280 | 266 | 961 | 4 | 120 | 0 | 0 | 98 | 151 |
| ജല ബജറ്റ് | 1 | 16 | 60 | 1 | 4 | 82 | 446 | 525 | 507 | 1478 | 8 | 255 | 3 | 39 | 203 | 443 |
| നീരുറവ് | 2 | 7 | 24 | 0 | 1 | 34 | 153 | 223 | 385 | 761 | 3 | 80 | 2 | 62 | 85 | 323 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 2 | 5 | 24 | 1 | 0 | 32 | 48 | 182 | 72 | 302 | 0 | 0 | 0 | 0 | 31 | 26 |
| നെറ്റ് സീറോ കാർബൺ | 6 | 1 | 90 | 2 | 24 | 123 | 701 | 1172 | 2492 | 4365 | 10 | 1059 | 17 | 620 | 136 | 999 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 0 | 0 | 21 | 0 | 12 | 33 | 89 | 101 | 255 | 445 | 0 | 0 | 0 | 0 | 12 | 93 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 0 | 0 | 43 | 3 | 5 | 51 | 221 | 288 | 826 | 1335 | 2 | 23 | 0 | 0 | 67 | 132 |
| പച്ചത്തുരുത്ത് | 0 | 1 | 49 | 4 | 23 | 77 | 163 | 176 | 256 | 595 | 1 | 42 | 0 | 0 | 222 | 447 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 2 | 1 | 28 | 1 | 27 | 59 | 189 | 425 | 925 | 1539 | 4 | 252 | 1 | 150 | 61 | 1875 |
| തനതു പ്രവർത്തനം | 5 | 2 | 22 | 0 | 6 | 35 | 95 | 250 | 215 | 560 | 1 | 170 | 0 | 0 | 77 | 2398 |
| ആകെ | 47 | 147 | 852 | 64 | 533 | 1643 | 5217 | 8361 | 16094 | 29672 | 96 | 5123 | 49 | 2522 | 2521 | 12058 |